# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 43 ലക്കം 1
വാർഷിക വരിസംഖ്യ ₹100

Vol 43 No. 1
Annual Subscription ₹100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്

ജനുവരി 2025

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



"ഊഷരഭൂമി സമം
ഫലമേകാതുലകിൽ
മരുവും ജനതതിയിൽ
രക്ഷയൊഴുക്കും നീർച്ചാലായ്
നിന്നിൽനിന്നു പിറന്നവനാം
ദൈവത്തിൻ സുതനീശോയെ
ഞങ്ങൾ വാഴ്ത്തിപ്പാടുന്നു
അമ്മേ, നിൻ ഭാഗ്യം ഘോഷിപ്പൂ"

ദനഹാക്കാലം
എട്ടാം ബുധൻ - റംശാ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 1**

**വാല്യം 43 ലക്കം 1 ദനഹാക്കാലം ജനുവരി 2025**

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജ്ജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**


പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- പ്രത്യാശാജീവിതവും സുവിശേഷഭാഗ്യങ്ങളും 5
- ദനഹാക്കാലം 10
- പ്രത്യാശയുടെ പ്രേഷിതത്വം 12
- വിശ്വാസപ്രമാണം: ഒരു ധ്യാനാത്മകവായന 15
- ജീവിതം കളർഫുൾ ആക്കാം 18
- തിരിച്ചറിവുകൾ 20
- സെനക്കിൾ തരംഗം 23
- ജീവിതം ആസ്വദിക്കൂ ജീസസിനോടൊപ്പം 24
- അത്താലിയാ 26
- ശ്രദ്ധ തെറ്റരുതേ 28
- അമ്മയോടൊപ്പം 30

# നന്മയുടെ വാഹകർ




എഡിറ്റോറിയൽ

**ലോ**കരാഷ്ട്രങ്ങളുടെ നേതൃമാറ്റം ജനമദ്ധ്യത്തിൽ ഒരു ചർച്ചാവിഷയംതന്നെയാണ്; പ്രത്യേകിച്ച് മറ്റു രാജ്യങ്ങളെയും ബാധിക്കാൻ സാധ്യതയുള്ള ഭരണമാറ്റങ്ങൾ. ഒരേ സമയം ആശാവഹവും ആശങ്കാജനകവുമായ ട്രംപ് ശൈലിയെക്കുറിച്ചുള്ള ചർച്ചകൾ ഇപ്പോൾ കളംനിറഞ്ഞിരിക്കുകയാണല്ലോ. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ഇത്തരം നേതൃമാറ്റങ്ങളെപ്പോലെയായിരുന്നില്ല യഥാർത്ഥനേതാവായ ഈശോ മിശിഹായുടെ കടന്നുവരവ്.

അധികമാരാലുമറിയപ്പെടാതെ കടന്നുവന്നവന്, സ്വർഗസ്വരമേകിയ അംഗീകാരമുദ്രയും ആത്മാവഭിഷേകനിറവും സ്നാപകസാക്ഷ്യവുമാണുണ്ടായിരുന്നത്. സ്വർഗരാജ്യത്തിന്റെ സുവിശേഷവും ആത്മാവിനുണർവേകുന്ന പ്രഘോഷണവും ദൈവികജ്ഞാനത്തിലേക്കു നയിക്കുന്ന പ്രബോധനവും രോഗികൾക്കു സൗഖ്യവും പീഡിതർക്ക് ആശ്വാസവും പാപികൾക്കു മോചനവും മരിച്ചവർക്ക് ഉയിർപ്പുമേകി പരസ്യജീവിതകാലം പിതൃഹിതമനുസരിച്ച് നിറവേറ്റിയ ഈശോ ഒരു അലോസരമായി മാറിയത് നിയമത്തിന്റെ ബാഹ്യാനുഷ്ഠാനങ്ങളുടെമാത്രം ചട്ടക്കൂട്ടിൽ കെട്ടപ്പെട്ടിരുന്നവർക്കുമാത്രമാണ്. മനുഷ്യന്റെ നന്മയെക്കാളുപരി മറ്റെന്തൊക്കെയോ നിഗൂഢലക്ഷ്യങ്ങളുടെ പേരിൽ മാറ്റാതെ കാക്കുന്ന കാട്ടുനിയമങ്ങളുടെ പൊളിച്ചെഴുത്തു നടത്തേണ്ട കാലമതിക്രമിച്ചെന്ന് ഈശോയുടെ ചെയ്തികൾ നമ്മുടെ ദേശത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്.

വ്യക്തിപരമായി നമുക്കനുവർത്തിക്കാവുന്ന നന്മകളുടെ ചെയ്തികളാണ് ഈശോ നമുക്കു മാതൃകയായി നല്കിയത്. ആരേയും മുറിപ്പെടുത്താതെ ജീവിക്കാനും മറ്റുള്ളവരുടെ വേദനകൾ ഏറ്റെടുക്കാനും ആവശ്യമുള്ള കാരുണ്യപ്രവൃത്തികൾ ചെയ്യാനും സ്വാർത്ഥതയില്ലാത്ത സ്നേഹത്തിന്റെ ചുറ്റുപാടുകൾ സൃഷ്ടിക്കാനും എല്ലാവരേയും സ്നേഹിതരായി കാണാനുമൊക്കെ നമ്മോട് ആഹ്വാനം ചെയ്യുന്ന ഈശോ, ആവശ്യമായി വന്നാൽ സ്നേഹിതർക്കുവേണ്ടി ജീവൻ പോലും ബലികഴിക്കാനും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഈശോയുടെ ജീവിതമാതൃക സ്വീകരിച്ച് നമുക്കും നന്മയുടെ വാഹകരാകാം; നന്മയുടെ ഫലങ്ങളേകാം.

ചീഫ് എഡിറ്റർ



സെനക്കിൾ ആദ്ധ്യാത്മികത - 98

# പ്രത്യാശാജീവിതവും സുവിശേഷഭാഗ്യങ്ങളും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണല്ലോ ജൂബിലിവർഷം രണ്ടായിരത്തി ഇരുപത്തഞ്ചിന്റെ ആപ്തവാക്യം. കർത്താവായ ഈശോമിശിഹാ നല്ല ഇടയനും ആടുകളുടെ വാതിലുമാണ് (യോഹ 10,2.7). ഈശോ പറഞ്ഞു: "ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും" (യോഹ 10,9). അവിടുന്നു വീണ്ടും പറഞ്ഞു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധിയായി ഉണ്ടാകാനുമാണ്" (യോഹ 10,10). ജീവൻ നല്കുന്ന മിശിഹായുമായുള്ള യഥാർത്ഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണു ജൂബിലി. നമ്മുടെ പ്രത്യാശയായ മിശിഹായെ (1 തിമോ 1,1) കണ്ടുമുട്ടുവാനുള്ള അവസരമാണ് ഈ ജൂബിലി വർഷം.

**പ്രത്യാശ: മിശിഹായുടെ ഔദ്യോഗിക പ്രബോധനം**

ഈശോ മലയുടെ മുകളിൽ ഇരുന്നുകൊണ്ട് 'സുവിശേഷഭാഗ്യങ്ങൾ' നല്കിയതായി മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നു. മലയുടെ മുകളിൽ ഒരു ഇരിപ്പിടം കണ്ടെത്തി

ഈശോ അവിടെ ഇരുന്നു. ശിഷ്യന്മാർ അവിടുത്തെ ചുറ്റും വന്നിരുന്നു. അതിനു പിന്നിലായി ജനക്കൂട്ടവും സ്ഥാനം പിടിച്ചു. ഗിരിപ്രഭാഷണത്തിന്റെ ആരംഭത്തിൽ പറയുന്നു: "ജനക്കൂട്ടത്തെ കണ്ടപ്പോൾ ഈശോ മലയിലേക്കു കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യന്മാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി" (മത്താ 5,1-2). യഹൂദ പാരമ്പര്യമനുസരിച്ച് ആധികാരികമായി പഠിപ്പിക്കുമ്പോഴാണ് ഇരുന്നുകൊണ്ടു പഠിപ്പിക്കുന്നത്. ആധികാരികമായ അദ്ധ്യാപനത്തിന്റെ എല്ലാ സൂചനകളും സുവിശേഷകൻ ഇവിടെ നല്കുന്നുണ്ട്.

**പ്രത്യാശയും അനുഗൃഹീതജീവിതവും**

വി. മത്തായിയുടെ സുവിശേഷത്തിലെ അഷ്ടസൗഭാഗ്യങ്ങൾ താഴെ പറയുന്നവയാണ്.

1. "ആത്മാവിൽ ദരിദ്രർ അനുഗൃഹീതർ; സ്വർഗരാജ്യം അവരുടേതാണ്" (5,3).
2. "വിലപിക്കുന്നവർ അനുഗൃഹീതർ; അവർ ആശ്വസിപ്പിക്കപ്പെടും" (5,4).
3. "ശാന്തശീലർ അനുഗൃഹീതർ; അവർ ഭൂമി അവകാശമാക്കും" (5,5).
4. "നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ; അവർക്കു സംതൃപ്തി ലഭിക്കും" (5,6).
5. "കരുണയുള്ളവർ അനുഗൃഹീതർ; അവർക്കു കരുണ ലഭിക്കും" (5,7).
6. "ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ; അവർ ദൈവത്തെ കാണും" (5,8).
7. "സമാധാനം സ്ഥാപിക്കുന്നവർ അനുഗൃഹീതർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (5,9).
8. "നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ അനുഗൃഹീതർ; സ്വർഗരാജ്യം അവരുടേതാണ്" (5,10).

**പ്രത്യാശയും ദാരിദ്ര്യചൈതന്യവും**

"ആത്മാവിൽ ദരിദ്രർ അനുഗൃഹീതർ; സ്വർഗരാജ്യം അവരുടേതാണ്" (5,3): പഴയനിയമത്തിൽ സൗഭാഗ്യത്തിനടിസ്ഥാനം നിയമത്തോടു വിശ്വസ്തതയും അനുസരണവും പുലർത്തുന്ന ജീവിതവും, ദൈവം ചരിത്രത്തിൽ ഇടപെടുമെന്നുള്ള പ്രത്യാശയുമാണ്. എന്നാൽ പുതിയനിയമത്തിൽ അഹങ്കാരമില്ലാതെ വിനയപൂർവം വെറും കയ്യോടെ ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്നവരാണ് അനുഗൃഹീതർ. അവരുടെ സൗഭാഗ്യത്തിനു കാരണം സ്വർഗരാജ്യം അവരുടേതാണ് എന്നുള്ളതാണ്. ഇപ്പോൾത്തന്നെ ആരംഭിച്ച് യുഗാന്തത്തിൽ പൂർത്തിയാകാനിരിക്കുന്ന ഒരു യാഥാർത്ഥ്യമാണു സ്വർഗരാജ്യം. ഈ യുഗാന്ത്യോന്മുഖ ചിന്താഗതി ഈശോയുടെ പ്രബോധനങ്ങളുടെയെല്ലാം അടിസ്ഥാനമാണ്. വി. മത്തായിയുടെ സുവിശേഷത്തിൽ ഈശോ തന്റെ പരസ്യജീവിതം ആരംഭിച്ചിരിക്കുന്നത്, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നതിനാൽ മാനസാന്തരപ്പെടാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് (മത്താ 4,17). അതുകൊണ്ട്, 'ആത്മാവിൽ ദരിദ്രർ' എന്നു പറയുന്നത് ദാരിദ്ര്യചൈതന്യമാണ്. തനിക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്ന് അംഗീകരിക്കുകയും അത് ആവശ്യമുള്ളവർക്ക് ദൈവം ആഗ്രഹിക്കുന്നതുപോലെ പങ്കവയ്ക്കാൻ സന്നദ്ധരായവരുമാണ് 'ആത്മാവിൽ ദരിദ്രർ'. 'സ്വർഗരാജ്യം' എന്നത് ദൈവരാജ്യമെന്നാണ് മറ്റു സുവിശേഷങ്ങൾ വിശേഷിപ്പിച്ചിരിക്കുന്നത് (മർക്കോ 1,15; ലൂക്കാ 4,43; യോഹ 3,4.5). 'ദൈവരാജ്യം' എന്നത് 'ദൈവഭരണ'മാണ്. ദൈവം സ്നേഹമായതുകൊണ്ട് (1 യോഹ 4,8.16), ദൈവസ്നേഹം മനുഷ്യജീവിതത്തെ ഭരിക്കുന്ന സ്ഥിതിവിശേഷമാണ് ദൈവരാജ്യം. ദൈവസ്നേഹ

ത്താൽ ഭരിക്കപ്പെടുന്ന മനുഷ്യൻ തനിക്കുള്ളതെല്ലാം ആവശ്യമുള്ളവരുമായി പങ്കുവയ്ക്കും. അപ്രകാരമുള്ള മനോഭാവമുള്ളവരാണ് ആത്മാവിൽ ദരിദ്രർ. അവർക്ക് സ്വർഗീയ സൗഭാഗ്യം കൈവരിക്കാനാവുകയും ചെയ്യും. ഈ പ്രത്യാശയാണ് അവരുടെ ജീവിതം അനുഗൃഹീതമാക്കുന്നത്.

**പ്രത്യാശയും വിലാപവും**

“വിലപിക്കുന്നവർ അനുഗൃഹീതർ; അവർ ആശ്വസിപ്പിക്കപ്പെടും” (5,4). സ്വന്തം ജീവിതത്തിലെ യാഥാർത്ഥ്യത്തിനു മുമ്പിൽ നില്ക്കുമ്പോൾ മനുഷ്യൻ മാനസാന്തരപ്പെട്ടു ദൈവത്തിലേക്കു തിരിയുന്ന വിലാപത്തെയാണ് ഇവിടെ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ നല്ല ഉദാഹരണമാണ് ഈശോയെ തള്ളിപ്പറഞ്ഞ പത്രോസിന്റെ വിലാപം: “അവൻ പുറത്തുപോയി ഹൃദയം നൊന്തു കരഞ്ഞു” (മത്താ 26,75). പത്രോസിനു സമാശ്വാസം ലഭിച്ചെന്ന് പിന്നീടുള്ള പത്രോസിന്റെ പ്രത്യാശ നിറഞ്ഞ ജീവിതത്തിൽനിന്നു മനസ്സിലാക്കാം. ഈ സാന്ത്വനം യുഗാന്ത്യോന്മുഖമാണ്. അതേസമയം ഈ ജീവിതവുമായി ബന്ധമുള്ളതുമാണ്. അതുകൊണ്ട് മാനസാന്തരാനുഭവം പ്രത്യാശ നല്കുന്നതാണ്.

**പ്രത്യാശയും ശാന്തശീലവും**

“ശാന്തശീലർ അനുഗൃഹീതർ; അവർ ഭൂമി അവകാശമാക്കും” (5,5). ഈ സുവിശേഷഭാഗ്യം സങ്കീ 37,11 ന്റെ ആവർത്തനമാണ്. പഴയനിയമത്തിൽ മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ച് ശാന്തശീലനായിരുന്നെങ്കിൽ (സംഖ്യ 12,3), പുതിയനിയമത്തിൽ മോശയെക്കാൾ വലിയവനായ ഈശോ ശാന്തശീലർക്കു മാതൃകയാണ്. അവിടുന്നുതന്നെ ഇക്കാര്യം നമുക്കു വെളിപ്പെടുത്തിയിട്ടുണ്ട്. അവിടുന്നിൽനിന്നു ശാന്തത പഠിക്കാൻ ആവശ്യപ്പെട്ടിട്ടുമുണ്ട് (മത്താ 11,29). ശാന്തശീലനായ അവിടുത്തെ പ്രവർത്തനശൈലിയെക്കുറിച്ച് സുവിശേഷകൻ പറയുന്നതിപ്രകാരമാണ്: അവൻ തർക്കിക്കുകയോ ബഹളം വയ്ക്കുകയോ ഇല്ല, തെരുവീഥികളിൽ അവന്റെ ശബ്ദം ആരും കേൾക്കുകയില്ല” (മത്താ 12,19). ഈശോയുടെ ശിഷ്യരും ശാന്തശീലരും വിനയാന്വിതരുമായിരിക്കണം. എന്നാൽ ഇതവരെ നിഷ്ക്രിയരാക്കരുത്. ഇസ്രായേൽജനം കാനാൻദേശത്തെ മുന്നിൽ കണ്ടുകൊണ്ടു നടന്നു. സ്വർഗരാജ്യവും ഇവിടെ പറയുന്ന “ഭൂമി”യും (5,5) ഒന്നുതന്നെയാണ്. അതുകൊണ്ട് ശാന്തശീലം പ്രത്യാശ നല്കുന്ന സ്ഥിതിവിശേഷമാണ്.

**പ്രത്യാശയും നീതിക്കുവേണ്ടിയുള്ള ദാഹവും**

“നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ; അവർക്കു സംതൃപ്തി ലഭിക്കും” (5,6). സത്യം അറിയുന്നതിനും അതനുസരിച്ച് ജീവിതം ക്രമീകരിക്കുന്നതിനുമുള്ള മനുഷ്യന്റെ ആന്തരികമായ വിശപ്പും ദാഹവുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നതു സംതൃപ്തിയാണ്. ദൈവഭക്തനും നീതിമാനുമായിരുന്ന ശിമയോൻ ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനാണ്. ശിശുവായ ഈശോയെ കയ്യിലെടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട്, തന്നെ ഇനി സമാധാനത്തിൽ വിട്ടയയ്ക്കണമേ എന്നു ശിമയോൻ പ്രാർത്ഥിക്കുന്നുണ്ട്. കാരണം സകല ജനതകൾക്കുംവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന രക്ഷ കാണുവാൻ അവനു കഴിഞ്ഞിരിക്കുന്നു (ലൂക്കാ 2,25-31). ഈ ജീവിതത്തിൽനിന്നു തന്നെ വിട്ടയയ്ക്കണമേ എന്നു ശിമയോൻതന്നെ പ്രാർത്ഥിക്കുമ്പോൾ, തികഞ്ഞ സംതൃപ്തിയോടെയാണ് അങ്ങനെ പ്രാർത്ഥിക്കുക. നീതിമാനു ദൈവം നല്കുന്ന സംതൃപ്തിയാണത്. തന്നെക്കുറിച്ചുള്ള ദൈവികപദ്ധതിയറിയുവാൻ ശ്രമിക്കുകയും അതിനായി പ്രവർത്തിക്കുകയും

ചെയ്യുന്നതാണ് ഇവിടെ നീതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം നീതിക്കുവേണ്ടി ദാഹിക്കുന്നവർക്കു ദൈവത്തിൽനിന്നു സംതൃപ്തി ലഭിക്കും. ഇതു ജീവിതത്തിൽ പ്രത്യാശയു ളവാക്കുകയും ചെയ്യും

**പ്രത്യാശയും കരുണയും**

"കരുണയുള്ളവർ അനുഗൃഹീതർ; അവർക്കു കരുണ ലഭിക്കും" (5,7). കാരുണ്യം മത്തായി സുവിശേഷകന് പ്രത്യേകം താല്പര്യമുള്ള വിഷയമാണ്. സഹോദരങ്ങളോടു കരുണ കാണി ക്കുന്നവനോടു ദൈവം കരുണ കാണിക്കും എന്ന ആശയം സുവിശേഷത്തിൽ ആവർത്തിച്ചു കാണാം. ചുങ്കക്കാരുടെയും പാപികളുടെയുംകൂടെ ഭക്ഷണം കഴിച്ച ഈശോയെ നിഷ്കരുണം വിമർശിച്ച ഫരിസേയരോട് അവിടുന്നു പറഞ്ഞു: "ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹി ക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക (മത്താ 9,13; 12,7). നിർദ്ദയനായ ഭൃത്യന്റെ ഉപമയിൽ കടം ഇളവു കിട്ടിയ സേവകനോട് യജമാനൻ ചോദിക്കുന്നത്, "ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും സഹോദരനോടു കരുണ കാണിക്കേണ്ടതായിരു ന്നല്ലേ?" എന്നാണ്. സഹോദരനോടു കാണിക്കുന്ന കാരുണ്യത്തിന് അന്ത്യവിധിയുടെ വിവ രണത്തിൽ നിർണായമായ പ്രാധാന്യമുണ്ട് (മത്താ 25,31-46). അതുകൊണ്ട് കരുണയുള്ളവർ പ്രത്യാശയുള്ള ജീവിതത്തിന്റെ ഉടമകളായിരിക്കും.

**പ്രത്യാശയും ഹൃദയശുദ്ധിയും**

"ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ; അവർ ദൈവത്തെ കാണും" (5,8). 'ഹൃദയശുദ്ധി' എന്ന വിശേഷണം സങ്കീ 24,4 ൽ നിന്നു വരുന്നതായിരിക്കാം. ഒരാളുടെ ഹൃദയത്തിൽ നട ക്കുന്ന ചിന്തകളെപ്പറ്റിയാണ് ഇവിടെ പറയുന്നത്. സ്വഭാവദാർഢ്യം, ചിന്തയും പ്രവൃത്തിയും തമ്മിലുള്ള അനുരൂപണം, കപടതയില്ലായ്മ, ഉദ്ദേശശുദ്ധി തുടങ്ങിയവയെല്ലാമാണ് ഹൃദയശുദ്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംഗ്രഹിച്ചു പറഞ്ഞാൽ ദൈവേഷ്ടം നിറവേറ്റുക എന്ന ഒരു കാര്യം മാത്രം ആഗ്രഹിക്കുന്നതാണ് ഹൃദയശുദ്ധി. ഹൃദയശുദ്ധിയുള്ളവർക്കു വാഗ്ദാനം ചെയ്യ പ്പെട്ടിരിക്കുന്ന സമ്മാനം യുഗാന്ത ദൈവദർശനമാണ്. ദൈവത്തെ ദർശിക്കാൻ സാധിക്കുക എന്നതാണ് മനുഷ്യനു കിട്ടാവുന്ന ഏറ്റവും വലിയ സമ്മാനം. അതു നമുക്ക് ഏറ്റം പ്രത്യാശ നല്കുന്ന യാഥാർത്ഥ്യവുമാണ്.

**പ്രത്യാശയും സമാധാനപാലനവും**

"സമാധാനം സ്ഥാപിക്കുന്നവർ അനുഗൃഹീതർ; അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (5,9). സമാധാനം സ്നേഹിക്കുന്നവരെല്ലാവരും സമാധാനസ്ഥാപകരാകണമെ ന്നില്ല. ഈ സുവിശേഷഭാഗ്യത്തിന്റെ പഴയനിയമപശ്ചാത്തലം സങ്കീ 43,14 ആണ്: "സമാധാനമ ന്വേഷിച്ച് അതിനെ പിന്തുടരുവിൻ". വരാൻ പോകുന്ന രക്ഷകനെ ഏശയ്യാ പ്രവാചകൻ 'സമാ ധാനത്തിന്റെ രാജാവ്' എന്നു വിശേഷിപ്പിക്കുന്നുണ്ട് (ഏശ 9,5). പുതിയനിയമത്തിൽ ഈശോ തന്നെയാണ് നമ്മുടെ സമാധാനം (എഫേ 2,14). അവൻ ശത്രുതയുടെ മതിലുകൾ തകർക്കു കയും ഇരുകൂട്ടരെയും ഒന്നിപ്പിക്കുകയും ചെയ്തു. എല്ലാവരെയും തന്നിലൂടെ ദൈവവുമായി അനുരഞ്ജിപ്പിച്ചുകൊണ്ട് ഈശോ സമാധാനം സ്ഥാപിച്ചു. സമാധാനത്തിന്റെ അടിസ്ഥാനം ദൈവവുമായുള്ള അനുരഞ്ജനമാണ് (കൊളോ 1,20). ഈശോയെ അനുകരിച്ച് അവിടുത്തെ ശിഷ്യർ സമാധാന സ്ഥാപകരായി മാറണം. അപ്പോൾ നിത്യമായ സമാധാനത്തിന്റെ പ്രത്യാശ നമുക്കു കൈവരികയും ചെയ്യും.

**പ്രത്യാശയും നീതിക്കുവേണ്ടിയുള്ള പീഡാസഹനവും**

“നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ അനുഗൃഹീതർ; സ്വർഗരാജ്യം അവരുടേതാണ്” (5,10). നീതി പഴയനിയമത്തിൽ നിയമത്തോടുള്ള വിശ്വസ്തതയാണെങ്കിൽ പുതിയനിയമത്തിൽ അത് നിയമത്തെ പൂർത്തീകരിക്കുന്ന ഈശോയോടുള്ള വിശ്വസ്തതയാണ്. ഈശോയോടുള്ള വിശ്വസ്തത ദൈവപിതാവിന്റെ ഹിതം നിറവേറ്റുന്നതിൽ കാണിക്കുന്ന വിശ്വസ്തതയാണ്. ഈശോ സുവിശേഷഭാഗ്യങ്ങളിൽ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളോടു വിശ്വസ്തത പുലർത്തുന്നവരാണ് ദൈവഹിതം നിറവേറ്റുന്നവർ. അവർ ഭാഗ്യവാന്മാരാണ്. യഹൂദർ പീഡിപ്പിച്ച പ്രവാചകന്മാരുടെ പിൻഗാമികളാണ് തന്റെ ശിഷ്യന്മാരെന്ന് ഈശോ അവരെ ഓർമ്മിപ്പിക്കുന്നു. തന്നോടൊപ്പം നടക്കുന്നതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നവരെ, ആനന്ദിക്കാനും ആഹ്ലാദിക്കാനും ഈശോ ആഹ്വാനം ചെയ്യുന്നു. കാരണം അവിടുന്ന് അവർക്കായി വലിയ പ്രതിഫലമാണ് ഒരുക്കിയിട്ടുള്ളത് - സ്വർഗരാജ്യം

**പ്രത്യാശയും വിശുദ്ധിയും**

സുവിശേഷഭാഗ്യങ്ങളെല്ലാം പ്രത്യാശ നല്കുന്ന അനുഗൃഹീത ജീവിതത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നവയാണ്. ഈ അനുഗൃഹീത ജീവിതം നയിക്കാൻ സഭാംഗങ്ങളെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഔദ്യോഗിക പ്രബോധനമാണ് (തിരുസ്സഭ 5-ാം അദ്ധ്യായം). വിശുദ്ധിയുടെ മാർഗരേഖയാണ് സുവിശേഷഭാഗ്യങ്ങൾ. സുവിശേഷഭാഗ്യങ്ങൾ നല്കിയപ്പോൾ, വിശുദ്ധി എന്നാൽ എന്താണെന്ന് അവിടുന്നു വളരെ ലളിതമായി പറഞ്ഞുതന്നു എന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു. ഈ മാർഗരേഖയ്ക്കനുസൃതമായി ജീവിക്കുന്നവർക്ക് വിശുദ്ധിയിൽ വളരാനും പ്രത്യാശാജീവിതം നയിക്കാനും സാധിക്കും.



**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**




**റവ. ഡോ. ജെയിംസ് ചവറപ്പുഴ**
നസ്രാണി റിസേർച്ച് സെന്റർ
നല്ലതണ്ണി

"ദനഹാ" എന്ന സുറിയാനി പദത്തിന്റെ അർത്ഥം "ഉദയം", "വെളിച്ചം", "വെളിപ്പെടുത്തൽ" എന്നൊക്കെയാണ്. ദനഹാത്തിരുനാൾ മുതൽ വലിയ നോമ്പിന്റെ തുടക്കം വരെയുള്ള കാലയളവിനെയാണ് ദനഹാക്കാലം എന്നു വിളിക്കുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ, തന്റെ ദൈവത്വം ലോകത്തിനു വെളിപ്പെടുത്തിയതിനെയും സൃഷ്ടവസ്തുക്കളെയെല്ലാം വിശുദ്ധീകരിച്ചതിനെയും ഈ കാലത്തിൽ നാം അനുസ്മരിക്കുന്നു.

ഒരു തച്ചന്റെ മകനായി മാത്രം മറ്റുള്ളവർ കണക്കാക്കത്തക്കവിധം (മത്താ 13,55) സാധാരണക്കാരനെന്ന നിലയിലായിരുന്നു ഈശോയുടെ ജീവിതം. കർത്താവിന്റെ ദിവ്യത്വം പരസ്യമായത് യോർദ്ദാൻ നദിയിൽ സ്നാപക യോഹന്നാനിൽനിന്ന് ഈശോ മാമോദീസാ സ്വീകരിച്ചതോടെയാണ്. ആ മാമോദീസായ്ക്കു തൊട്ടു മുമ്പുവരെ ജനക്കൂട്ടത്തിൽ നിന്നിരുന്ന ദൈവപുത്രനെ യോഹന്നാനല്ലാതെ മറ്റാരും തിരിച്ചറിഞ്ഞതുമില്ല (യോഹ 1,25ff).

മാമോദീസാ കഴിഞ്ഞ് ഈശോ വെള്ളത്തിൽനിന്നും കയറിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധ റൂഹാ പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ വന്നിരിക്കുകയും ചെയ്തു. "ഞാൻ ഏറ്റം സംപ്രീതനായിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു" (മത്താ 3,16-17) എന്ന ശബ്ദവും അതോടൊപ്പം അന്തരീക്ഷത്തിൽ മുഴങ്ങി. ഇങ്ങനെ നിത്യപിതാവുതന്നെ സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തി. അങ്ങനെ തച്ചന്റെ പുത്രനായി മാത്രം കരുതപ്പെട്ടിരുന്ന ഈശോ സാക്ഷാൽ അത്യുന്നതന്റെ പുത്രനാണ് എന്നും പരിശുദ്ധ റൂഹായുമായി ഐക്യത്തിൽ വാഴുന്നു എന്നും പരസ്യമായി. അതായത് പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ നടന്നു എന്നർത്ഥം.

ദനഹാത്തിരുനാളോടുകൂടി ദനഹാക്കാലം ആരംഭിക്കുന്നു. ദനഹാക്കാലത്തിലെ വെള്ളി യാഴ്ചകൾ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധരെ പ്രത്യേകമായി ഓർമ്മിക്കുന്ന ദിവസങ്ങളാണ്.

1-ാം വെള്ളി : യോഹന്നാൻ മാംദാന
2-ാം വെള്ളി : മാർ കേപ്പാ, മാർ പൗലോസ് ശ്ലീഹന്മാർ
3-ാം വെള്ളി : സുവിശേഷകന്മാർ
4-ാം വെള്ളി : മാർ എസ്തപ്പാനോസ്
5-ാം വെള്ളി : ഗ്രീക്ക് സഭാ പിതാക്കന്മാർ
6-ാം വെള്ളി : സുറിയാനി സഭാ പിതാക്കന്മാർ
7-ാം വെള്ളി : പള്ളി മധ്യസ്ഥർ
8-ാം വെള്ളി : സകല മരിച്ചവരുടെയും ഓർമ്മ

ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ച്ച സകല മരിച്ചവരുടെയും ഓർമ്മയാണ്. ചില വർഷങ്ങളിൽ എട്ട് ആഴ്ച്ചകൾ ലഭിക്കുന്നില്ലെങ്കിൽ ഗ്രീക്ക്, സുറിയാനി പിതാക്കന്മാരുടെ ഓർമ്മ ഒരേ വെള്ളിയാഴ്ച ആചരിക്കുന്നു.

പരിശുദ്ധ ത്രിത്വം എന്ന സത്യം പരസ്യമായത് കർത്താവിന്റെ മാമോദീസാവേളയിലാണ്. ഈ വസ്തുതയെ അടിസ്ഥാനപ്പെടുത്തി ത്രിത്വത്തിന്റെ പ്രത്യക്ഷീകരണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഈ കാലത്തെ പ്രാർത്ഥനകളിൽ സുലഭമായുണ്ട്.



തന്നെ അയച്ച പിതാവിനോടും പരിശുദ്ധ റൂഹായോടുംകൂടി കർത്താവ് യോർദ്നാനിൽ വച്ച് സകല നീർച്ചാലുകളെയും "വെടിപ്പാക്കി വിശുദ്ധീകരിച്ചു" എന്ന് ഈ കാലത്തിലെ യാമശുശ്രൂഷകളിൽ കാണാം. പരിശുദ്ധമായ കാര്യങ്ങൾക്കുവേണ്ടി വെള്ളം നിയുക്തമായി. ഈശോ മാമോദീസാ സ്വീകരിക്കാൻ യോർദ്നാൻ നദിയിലിറങ്ങിയപ്പോൾ പരിശുദ്ധ ത്രിത്വം നമ്മെ ദൈവമക്കളാക്കാനുള്ള ഉപാധിയായി വെള്ളത്തെ രൂപാന്തരപ്പെടുത്തി.

ദനഹാക്കാലത്തെ ഗീതങ്ങളിൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്ന ഒരു കാര്യമാണ് യോർദ്നാനിൽ വച്ചു നടന്ന രക്ഷകന്റെ മാമോദീസായും നസ്രാണികളുടെ മാമോദീസായും തമ്മിലുള്ള ബന്ധം.

മിശിഹായുടെ മാമോദീസാ നസ്രാണികളുടെ മാമോദീസായ്ക്കു തുടക്കവും മാതൃകയുമായിരുന്നു: "ഈശോ തന്റെ ശക്തി ജലത്തിൽ നിക്ഷേപിച്ചതിനാൽ നമ്മുടെ ശരീരത്തിനു മാത്രമല്ല മനഃസാക്ഷിക്കും മാമോദീസാ സാധ്യമായി" എന്ന് മാർ അപ്രേം പറയുന്നു.

മാമോദീസാവഴി മിശിഹാ തന്റെ മരണവും ഉത്ഥാനവും മുൻകൂട്ടി ചിത്രീകരിച്ചു. ഇവിടെയാണ് മിശിഹായുടെ മാമോദീസായും നമ്മുടെ മാമോദീസായും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നത്. മാമോദീസായിൽ നാം മിശിഹായോടുകൂടി മരിച്ച് അടക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നു എന്നാണല്ലോ പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നത് (റോമ 6,3-4; കൊളോ 2,12).

ഇങ്ങനെ നസ്രാണികളും മിശിഹായെപ്പോലെ മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേൽക്കും എന്ന വസ്തുതയുടെ സൂചന ആദ്യമായി കിട്ടിയത് യോർദ്നാൻ നദിയിൽ വച്ചായിരുന്നതിനാലായിരിക്കാം നമ്മുടെ പള്ളികളിലെ മാമോദീസാ തൊട്ടിക്ക് "യോർദ്നാൻ" എന്ന പേരു വന്നത്. മാമോദീസാ തൊട്ടിക്കുപകരം യോർദ്നാൻ എന്ന പേര് ഉപയോഗിക്കുന്നതിന് ഒരു ഉദാഹരണം ദനഹാക്കാലത്തിലെ അഞ്ചാം ഞായറാഴ്ചയിലെ രാത്രി പ്രാർത്ഥനയിൽ കാണാവുന്നതാണ്.

സീറോ മലബാർ ആരാധനക്രമ പാരമ്പര്യത്തിൽ മാർ നെസ്തോറിയസിന്റെ കൂദാശക്രമം ഉപയോഗിക്കുന്ന അഞ്ചിൽ നാല് ദിവസങ്ങളും ദനഹാക്കാലത്തിലാണ് എന്നതു ശ്രദ്ധേയമാണ്. ദനഹാത്തിരുനാൾ, മാർ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ, മൂന്നു നോമ്പിലെ ബുധൻ എന്നീ ദിവസങ്ങളാണവ.

**"ഈശോ**
**തന്റെ ശക്തി ജലത്തിൽ**
**നിക്ഷേപിച്ചതിനാൽ നമ്മുടെ**
**ശരീരത്തിനു മാത്രമല്ല**
**മനഃസാക്ഷിക്കും മാമോദീസാ**
**സാധ്യമായി".**

**മാർ അപ്രേം**




# പ്രത്യാശയുടെ പ്രേഷിതത്വം



**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**നാ**ളെയിലേക്കുള്ള നമ്മുടെ പ്രത്യാശ വച്ചിരിക്കുന്നത് ഒരു അതിസ്വാഭാവികതയുടെ തലത്തിലാണ്. അതിസ്വാഭാവികതയുടെ ശത്രുവായ സാത്താന് ഇതു ഭീഷണിയാണ്. നല്ല ദൈവം നമ്മിലൂടെ സാത്താനെ പരാജയപ്പെടുത്തുമെന്ന ഉറപ്പ് നമുക്കുണ്ട്. ഈ ഉറപ്പ് പ്രത്യാശയുടെ പ്രവർത്തകരായ നമുക്കു കൂടിയേ തീരൂ. ഈ ഉറപ്പു കേവലം ആദർശപരമായ ഒന്നായി നിന്നുപോകാനുള്ള അപകടസാധ്യതയുണ്ട്. നമുക്കു ചുറ്റുമുള്ളവരിലേക്ക് നാം പ്രതീക്ഷ പകരണം. അത് അവരിൽ സാക്ഷാത്കരിക്കപ്പെടണം. ഇതിനായി, മറ്റുള്ളവരിൽ പ്രതീക്ഷ സൃഷ്ടിച്ചുകൊണ്ടും അവരിലുള്ള ഈശോയെ സ്നേഹിച്ചുകൊണ്ടും പ്രത്യാശയുടെ ഒരു ബന്ധം സ്ഥാപിക്കുക ആവശ്യകമാണ്. അപ്പോൾ എല്ലാം രൂപാന്തരപ്പെടും. അത് എങ്ങനെയാണെന്നു കാണാം: നമുക്കു നമ്മുടെ ചുറ്റുമുള്ള വ്യക്തികളിൽ ഒരു അതിസ്വാഭാവികവിശ്വാസം കണ്ടെത്താനായാൽ, അവർ പല തലങ്ങളിലും പരിമിതിയുള്ളവരാണെങ്കിലും അവരും ദൈവത്തിന്റെ ഉപകരണങ്ങളാണെന്ന്, ദൈവസ്നേഹത്തിന്റെ വിഷയങ്ങളാണെന്ന് തിരിച്ചറിഞ്ഞു പ്രവർത്തിക്കാനാകും. അപ്പോൾ അവരിലും ആത്മവിശ്വാസം വർദ്ധിക്കുകയും തങ്ങളും വിലപ്പെട്ടവരാണെന്നും തങ്ങൾക്കും ഈ സമൂഹത്തിൽ ഇടമുണ്ടെന്നുമുള്ള ബോധ്യം ലഭിക്കുകയും ചെയ്യും.

ഇപ്രകാരം പ്രത്യാശ എന്ന പുണ്യം, ദിനംപ്രതി നാം പ്രയോഗികമാക്കേണ്ട ഒരു യാഥാർത്ഥ്യമായിത്തീരുന്നു. നമ്മുടെ സംസാരത്തെയും ഇടപെടലിനെയും ചിന്തയെയുമെല്ലാം സ്വാധീനിക്കുന്ന ഒരു പുണ്യമായി പ്രത്യാശ മാറുന്നു. അതുകൊണ്ട് പ്രത്യാശ എന്ന പുണ്യം ആദ്യമായി

നമ്മിൽത്തന്നെയാണ് ഉണ്ടാകേണ്ടത്. ബാഹ്യമായ ഒന്നായി ഈ പുണ്യത്തെ കാണരുത്. നമ്മുടെ ഉള്ളിലുണ്ടാവേണ്ടതാണ് പ്രത്യാശ എന്ന ആഴമേറിയ ബോധ്യം നമുക്കുണ്ടാവണം. ദൈവകൃപ യുടെ പ്രവർത്തനത്തിനു വിധേയപ്പെട്ട് നമ്മുടെയുള്ളിൽ പക്വത പ്രാപിക്കേണ്ട ഒരു യാഥാർത്ഥ്യ മാണിത്.

പ്രത്യാശയുടെ ചിന്തകളും വാക്കുകളും നമ്മെ പ്രത്യാശയുടെ വിതക്കാരാക്കണം. നല്ലത ല്ലാത്തവയുടെ നിഴലുകളെപ്പോലും ശേഖരിച്ചു വയ്ക്കുന്നതിനുള്ള പ്രവണതയുള്ളവരാണു നാം എന്ന തിരിച്ചറിവും നമുക്കാവശ്യമാണ്. തെറ്റിലേക്കുള്ള ഈ ചായ്‌വുകൾക്കു വിധേയരായാൽ നാം പ്രത്യാശയെ നശിപ്പിക്കുന്നവരാകും. ജീവൻ നല്കാത്ത, പ്രതീക്ഷ നല്കാത്ത നമ്മുടെ വാക്കുകൾകൊണ്ട് പ്രത്യാശയാകുന്ന വൃക്ഷത്തിലെ എത്രയോ ഇലകളെ നാം താഴെ വീഴ്ത്തി യിട്ടുണ്ട്! മറ്റുള്ളവരുടെ സംവേദനക്ഷമയെ മനസ്സിലാക്കി, അവരെ വേദനിപ്പിക്കുന്നതെല്ലാം ഒഴിവാക്കി, അവരോടു കൂടെയായിരിക്കുന്നതിന് നാം എത്രമാത്രം ഉൾക്കാഴ്ചയുള്ളവരായിരി ക്കണം!

നമ്മുടെ ചുറ്റുമുള്ളവർ നമ്മുടെ ധൈര്യപ്പെടുത്തുന്ന വാക്കുകളും പുഞ്ചിരിയും അംഗീകാ രവുമെല്ലാം ആവശ്യമുള്ളവരാണ്. അവർ നമ്മെ പല കാര്യങ്ങൾക്കും ആശ്രയിക്കുന്നവരുമാണ്. നമ്മുടെ വ്യക്തമോ അവ്യക്തമോ ആയ, പ്രതീക്ഷയുടേതോ നിരാശയുടേതോ ആയ വാക്കു കൾ അവരിൽ ക്രിയാത്മകമോ നിഷേധാത്മകമോ ആയ പ്രത്യാഘാതങ്ങൾ ഉളവാക്കും.

മറ്റുള്ളവർക്കുണ്ടാകുന്ന ചില പ്രതിസന്ധികൾ വിശകലനം ചെയ്താൽ, അതിൽ നമ്മുടെ ഉത്തരവാദിത്വം എത്രമാത്രമുണ്ടെന്ന് മനസ്സിലാക്കാം. നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്ന ജീവൻ പ്രദാനം ചെയ്യാത്ത വാക്കുകളും പ്രത്യക്ഷത്തിൽ കുഴപ്പമില്ല എന്നു തോന്നുന്ന വിമർശനങ്ങളു മൊക്കെ യഥാർത്ഥത്തിൽ പ്രത്യാശയെ നശിപ്പിക്കുന്നതായിത്തീരുന്നു. നമ്മുടെയുള്ളിൽ പ്രത്യാ ശയുണ്ടായിരുന്നാൽ പോരാ, വാക്കുകൾകൊണ്ടും പുഞ്ചിരികൊണ്ടും ധൈര്യപ്പെടുത്തലുകൾകൊ ണ്ടും നാം പ്രത്യാശ വിതയ്ക്കുന്നവരായിരിക്കണം.

പല സന്ദർഭങ്ങളിലും മറ്റുള്ളവരിലെ നിഷേധാത്മകതയാണ് നമ്മുടെ ശ്രദ്ധയിൽപെടുന്ന തെങ്കിലും അവരിൽ ക്രിയാത്മകമായ വശമുണ്ട് എന്നതു നാം മനസ്സിലാക്കണം. അവരിലെ ക്രിയാത്മകമായ കാര്യങ്ങൾ കണ്ടെത്തി അതു വളർത്തിയെടുക്കുവാൻ നമുക്കു സാധിക്കണം. അപ്പോഴാണ് നമുക്കു പ്രത്യാശയുണ്ട്, ആത്മവിശ്വാസമുണ്ട് എന്നു പറയാനാകുക. നമ്മിലുള്ള ഈ പ്രത്യാശ മറ്റുള്ളവർക്ക് നന്മയിലേക്കു വളരാനുള്ള ഒരു നിർബന്ധമായിത്തീരും. സാവ കാശം അവരിലുള്ള നിഷേധാത്മകമായവ ഇല്ലാതായിത്തീരും; അപൂർണതകൾ അപ്രത്യക്ഷ മാകും; ആവശ്യമില്ലാത്തവയെ എല്ലാം അവർ ഒഴിവാക്കും. അതുവഴി അവരിലെ ക്രിയാത്മക മായ വശങ്ങൾ വളരാൻ ഇടയാകും. ചുരുക്കത്തിൽ നമ്മുടെ പ്രത്യാശയുടെ ഒരു ചിന്ത, ഒരു വാക്ക്, ഒരു പ്രവൃത്തി, മറ്റുള്ളവർക്ക് നാം അവരെ വിശ്വസിക്കുന്നതിന്റെയും സ്നേഹിക്കുന്നതി ന്റെയും പ്രകാശനമായിത്തീരും.

ഉറച്ചതും വിശാലമായതും ശാന്തമായതുമായ മനസ്സോടെ, ഉത്സാഹത്തോടെ, നമുക്കു പ്രതീക്ഷ വിതയ്ക്കാം. പ്രത്യാശയോടെ ജീവിക്കുന്നതിനായി, ജോലികൾ ചെയ്യുന്നതിനായി മറ്റുള്ളവരെ നമുക്ക് ഉത്തേജിപ്പിക്കാം. ഇതിന് പരിശുദ്ധ അമ്മ നമുക്കൊരു മാതൃകയാണ്. കാനാ യിലെ വിവാഹവിരുന്നിലെ സംഭവം ഉദാഹരണമായെടുക്കാം. 'അവർക്കു വീഞ്ഞില്ല' എന്നു പറഞ്ഞുകൊണ്ട് മകനിൽ പ്രത്യാശ അർപ്പിച്ച മാതാവ്, അതോടൊപ്പം 'അവൻ പറയുന്നതു പോലെ ചെയ്യുവിൻ' എന്നു പറഞ്ഞുകൊണ്ട് പരിചാരകരെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. ഇതാണു പ്രത്യാശയുടെ പ്രേഷിതത്വം.

# നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം: 1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന

**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ആമുഖം**

2025 നമ്മുടെ കർത്താവിന്റെ ജനനത്തിന്റെ ജൂബിലി വർഷം എന്ന നിലയിൽ ആഗോള കത്തോലിക്കാസഭ ആചരിക്കുകയാണ്. അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട ആചരണംകൂടി ഈ വർഷം നടക്കുന്നുണ്ട്. അത് ആദ്യ എക്യുമെനിക്കൽ കൗൺസിൽ നിഖ്യായിൽ കൂടിയതിന്റെ 1700 വർഷങ്ങൾ പൂർത്തിയാകുന്നതിന്റെ ആചരണമാണ്. നാം വിശുദ്ധ കുർബാനയിൽ ഏറ്റുചൊല്ലുന്നത് 325 ൽ നിഖ്യായിൽ ആരംഭിച്ച് 381 ൽ കോൺസ്റ്റാന്റിനോപ്പിളിൽ പൂർത്തിയാക്കിയ വിശ്വാസപ്രമാണമാണ്. നമ്മുടെ കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാന സത്യങ്ങൾ ചിട്ടയായും ക്രമമായും തെറ്റുകൂടാതെയും ഈ വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നു. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണസമയത്ത് മനഃപാഠമാക്കുകയും പിന്നീട് പങ്കെടുക്കുന്ന വിശുദ്ധ കുർബാനയർപ്പണങ്ങളിൽ ഏറ്റുചൊല്ലുകയും ചെയ്യുന്നുണ്ടെങ്കിലും അതിൽ ഉൾച്ചേർന്നിരിക്കുന്ന സത്യങ്ങൾ ഒരുപക്ഷെ നാം പലപ്പോഴും ചിന്തിക്കാറില്ലായിരിക്കാം.

സഭയുടെ ചരിത്രത്തിൽ വിശ്വാസപ്രഖ്യാപനങ്ങൾ പലതുണ്ടായിട്ടുണ്ട്. സഭാചരിത്രവും ദൈവശാസ്ത്രചിന്തകളുടെ ചരിത്രവും പഠിക്കുന്നവർ തീർച്ചയായും ലളിതവും ഗഹനവുമായ അമ്പതോളം വിശ്വാസപ്രഖ്യാപനങ്ങൾ പഠിക്കുകയും വിശകലനം ചെയ്യുകയും ചെയ്തിട്ടുണ്ടാകും. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട വിശ്വാസപ്രഖ്യാപനമെന്നു നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രഖ്യാപനത്തെ നമുക്ക് വിശേഷിപ്പിക്കാം. ഈ വിശ്വാസപ്രഖ്യാപനത്തിന്റെ അർത്ഥമാണ് ഈ ലേഖനത്തിലും തുടർച്ചയായി വരുന്ന ലേഖനങ്ങളിലും നാം പരിചിന്തനം ചെയ്യുന്നത്.


## 1. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും

സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. വിശ്വാസപ്രമാണത്തിൽ നാം ആദ്യം ഏറ്റുചൊല്ലുന്നത് ഈ സത്യമാണ്. ഈ പ്രാർത്ഥന നമ്മുടെ ദൈവവിശ്വാസത്തിലെ ചില അടിസ്ഥാന വസ്തുതകൾ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ഒന്നാമത് നമ്മുടെ വിശ്വാസം ഏകദൈവത്തിലുള്ള വിശ്വാസമാണ്. ദൈവത്തിൽ മൂന്നു ആളുകൾ ഉണ്ടെങ്കിലും ദൈവികസത്ത ഒന്നു മാത്രം. മൂന്നു ദൈവങ്ങളിൽ അല്ല, ഏകദൈവത്തിലാണു നാം വിശ്വസിക്കുന്നത്. പിതാവും പുത്രനും റൂഹായും ചേർന്ന് മൂന്നു ദൈവങ്ങളല്ല, ഒരു ദൈവമാണ് നമുക്കുള്ളത്. പഴയനിയമ കാലം മുതൽ വിശുദ്ധ ഗ്രന്ഥം ആവർത്തിച്ചു പറയുന്ന

സത്യമാണിത്. ഇസ്രായേലേ, കേൾക്കുക: ''നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കണം'' (നിയമാവർത്തനം 6,4). പ്രവാചകരിലൂടെയും പിതാക്കന്മാരിലൂടെയും ഒടുവിൽ സ്വന്തം പുത്രനിലൂടെയും ദൈവം ഈ സത്യം നമ്മോട് ആവർത്തിച്ചു പറയുകയും പഠിപ്പിക്കുകയും ചെയ്തു. ദൈവം മനുഷ്യനു സ്വയം വെളിപ്പെടുത്തുന്നതിനാലാണ് മനുഷ്യൻ ദൈവത്തെ അറിയാൻ ഇടയായത്. ദൈവിക വെളിപാടിന്റെ പൂർണത ഈശോമിശിഹായിലാണ് നാം കാണുന്നത്: "പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്നു സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു" (ഹെബ്രായർ 1,1-2).

### 2. വെളിപാടും വിശ്വാസവും

ഏക സത്യദൈവത്തെ അറിയാനും സ്നേഹിക്കാനുമാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തെ മനുഷ്യൻ അന്വേഷിച്ചറിയുകയല്ല, മറിച്ചു ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ മാത്രമേ മനുഷ്യനു ദൈവത്തെ അറിയാൻ സാധിക്കൂ. മാനുഷികമായ ബുദ്ധിയിലും യുക്തിയിലും നാം അന്വേഷിച്ചു കണ്ടെത്തുന്ന ഒരാളല്ല ദൈവം. ദൈവം നമ്മുടെ ചിന്തകൾക്കും ബുദ്ധിശക്തിക്കും അതീതനാണ്. നാം പൂർണമായി മനസ്സിലാക്കി എന്ന് കരുതുന്നുണ്ടെങ്കിൽ അത് ദൈവമല്ല എന്ന വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ ഇതോട് ചേർത്തുവായിക്കാം. വിശ്വാസം എന്നത് വെളിപ്പെടുത്തുന്ന ദൈവത്തോടുള്ള മനുഷ്യന്റെ പ്രതികരണമാണ്. മനുഷ്യൻ



ഒരു ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുകയും ആ ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുകയല്ല, തന്റെ മുൻപിൽ വെളിപ്പെടുന്ന സത്യദൈവത്തിന്റെ സത്തയിൽ അവൻ വിശ്വസിക്കുകയാണ്. ദൈവികവെളിപാടിന് മനുഷ്യൻ നൽകുന്ന ഉത്തരമാണ് വിശ്വാസം. 'ഞാൻ വിശ്വസിക്കുന്നു' എന്നുള്ള പ്രത്യുത്തരം ദൈവം വെളിപ്പെടുത്തുമ്പോൾ മനുഷ്യന് ഉണ്ടാവേണ്ട പ്രതികരണമാണ്. അതേസമയം വിശ്വാസം എന്നത് ഒരു ദൈവികദാനവുമാണ്.

### 3. പിതാവായ ദൈവം: ത്രിത്വത്തിലെ ആദ്യ വ്യക്തി

പരിശുദ്ധ ത്രിത്വം ആണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ഒരു ദൈവമേ ഉള്ളുവെന്നും ആ ദൈവത്തിൽ മൂന്ന് ആളുകൾ ഉണ്ടെന്നും നാം വിശ്വസിക്കുന്നു. ത്രിത്വത്തിലെ ആദ്യ വ്യക്തി പിതാവാണ്. പിതാവിന് വിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്നത് രണ്ടു സവിശേഷതകളാണ്. ഒന്നാമതായി, പിതാവായ ദൈവം സർവ്വശക്തനാണ്. സർവവും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചവനും സർവവും അറിയുന്നവനും സർവശക്തനുമാണവൻ. "ദൈവത്തിന് എല്ലാം സാധ്യമാണ്" (മത്തായി 19,26), "മഹത്തായ ശക്തി അവിടുത്തേക്ക് അധീനമാണ്. അങ്ങയുടെ ഭുജബലത്തെ ചെറുക്കാനാർക്കു കഴിയും?" (ജ്ഞാനം 11,21) തുടങ്ങിയ വചനങ്ങൾ അവിടുത്തെ മഹത്തായ ശക്തിയെ നമുക്കു മനസ്സിലാക്കിത്തരുന്നുണ്ട്. തന്നാൽ താനായിരിക്കുന്നവൻ, അനാദിയായിരിക്കുന്നവൻ, അശരീരിയായിരിക്കുന്നവൻ, സർവനന്മസ്വരൂപി, സർവവ്യാപി, സകലത്തിന്റെയും ആദികാരണമായിരിക്കുന്നവൻ എന്നിവയാണ് ഈ ദൈവത്തിന്റെ ലക്ഷണങ്ങൾ.

രണ്ടാമതായി, ദൈവം പിതാവാണ്. പുത്രനോടുള്ള ബന്ധത്തിലാണ് ദൈവം പിതാവാകുന്നത്. പിതാവ് ഉള്ളപ്പോഴെല്ലാം പുത്രനുണ്ട്. പുത്രനില്ലാതെ പിതാവു മാത്രമുള്ളതായ ഒരു സമയവുമില്ല. പുത്രനില്ലാതെ പിതാവിന് പിതാവാകുക സാധ്യമല്ലല്ലോ. പിതാവായ ദൈവം ചെയ്ത പ്രവൃത്തിയാണ് അതിനുശേഷം നാം ഏറ്റുപറയുന്നത്. ത്രിത്വത്തിന്റെ ആന്തരികസത്തക്കുപുറത്തുള്ള എല്ലാ പ്രവൃത്തികളും ത്രിത്വൈക ദൈവം ഒരുമിച്ചു ചെയ്യുന്ന പ്രവൃത്തികളാണെങ്കിലും പൊതുവിൽ പിതാവായ ദൈവം സൃഷ്ടിക്കുന്നു, പുത്രനായ ദൈവം രക്ഷിക്കുന്നു, പരിശുദ്ധാത്മാവായ ദൈവം വിശുദ്ധീകരിക്കുന്നു എന്നു നാം പറയുന്നു. 'ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു'. ദൈവം തന്റെ വചനത്തിലൂടെയും ജ്ഞാനത്തിലൂടെയും സൃഷ്ടികർമം പൂർത്തീകരിച്ചു എന്ന് തിരുവചനം പറയുമ്പോൾ അതു പുത്രനായ ദൈവത്തെയാണു സൂചിപ്പിക്കുന്നത്. സൃഷ്ടിയിൽ ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്ന സമയത്ത്, ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നപ്പോൾ, ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു എന്ന് പറയുന്നത് റൂഹായെയാണ് സൂചിപ്പിക്കുന്നത്. മറ്റാരുടെയും സഹായമോ നിർദേശമോ കൂടാതെ ദൈവം ഇല്ലായ്മയിൽനിന്ന് എല്ലാം സൃഷ്ടിച്ചു. "സമസ്തവും അവനിലൂടെ ഉണ്ടായി; ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (യോഹന്നാൻ 1,3). ദൃശ്യമായ കാര്യങ്ങളും - പ്രപഞ്ചവും, പ്രപഞ്ചത്തിലുള്ള വസ്തുക്കളും, മനുഷ്യനും, ഗോചരമായവയെല്ലാം; അദൃശ്യമായ കാര്യങ്ങളും- മാലാഖമാർ, ആത്മാവ്, അരൂപികളായ ഗണങ്ങൾ- സൃഷ്ടിച്ചത് ദൈവമാണ്. നമ്മുടെ അസ്തിത്വത്തിന്റെ കാരണം ദൈവമാണ്. എന്നാൽ ദൈവം അസ്തിത്വത്തിനു മറ്റു കാരണങ്ങൾ ഇല്ലാത്തവനാണ്. അതിനാലാണ് മോശക്ക് ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ "ഞാൻ ഞാൻ തന്നെ. ഇസ്രായേൽ മക്കളോടു നീ പറയുക: ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു" (പുറപ്പാട് 3,14) എന്നു പറയുന്നത്.

(തുടരും)



# ജീവിതം കളർഫുൾ ആക്കാം

**ആൻസി കടുപ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ജീ**വിതം 'കളർ' ആകണം എന്ന് ആഗ്രഹിക്കാത്തവരായി നമ്മിൽ ആരുണ്ട്? എല്ലാവരും സ്വപ്നം കാണുന്നതും ആഗ്രഹിക്കുന്നതും കൂടുതൽ സ്മാർട്ടായ ഒരു നല്ല ജീവിതമാണ്. അതിനായി പലരും പല വഴികൾ തേടുന്നു. അതിന്റെപേരിൽ ചിലരൊക്കെ ധാർമ്മികവഴിയിൽനിന്നു വ്യതിചലിക്കുകയും ചെയ്യുന്നു.

ജീവിതം കളറാകണമെങ്കിൽ അതിന് അവശ്യം വേണ്ടത് സംതൃപ്തി നിറഞ്ഞ ഒരു മനസ്സാണ്. തൃപ്തി എന്നത് മനസ്സിന്റെ ഒരു ഭാവമാണ്. ചിലർക്കത് ആഴമായ ആത്മീയതയിലൂടെയും നന്മപ്രവൃത്തികൾ ചെയ്യുന്നതിലൂടെയും ചില നല്ല വ്യക്തികളുമായുള്ള സംഭാഷണത്തിലൂടെയും മറ്റു ചിലർക്ക് നല്ല ഭക്ഷണം കഴിക്കുന്നതിലൂടെയും നല്ല സംഗീതം ആസ്വദിക്കുന്നതിലൂടെയും നല്ല നല്ല കാഴ്ചകൾ കാണുന്നതിലൂടെയും ലഭിക്കുന്നു. "എനിക്കിപ്പോൾ തൃപ്തിയായി" എന്ന് ചിലരൊക്കെ പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ? വിശുദ്ധ കുരിശിൽ കിടന്നുകൊണ്ടുള്ള നമ്മുടെ കർത്താവീശോമിശിഹായുടെ അവസാനമൊഴിയും തികഞ്ഞ സംതൃപ്തിയുടെതായിരുന്നു: "എല്ലാം പൂർത്തിയായി" (യോഹ 19,30).

ഇത്തരത്തിലുള്ള ഒരു സംതൃപ്തിയാണ് ഇന്നിന്റെ മനുഷ്യന് ആവശ്യമായതും. കാരണം, പല കാര്യ-കാരണങ്ങൾ കൊണ്ടും തൃപ്തിയുള്ള ഒരു മനസ്സ് അവനിൽനിന്നും ഏറെ അകലെയാണ്. നല്ല ജോലി, ശമ്പളം, വീട്, വാഹനം മുതലായവയെല്ലാമുണ്ട്. എങ്കിലും മുഖത്ത് യാതൊരു സന്തോഷവും സംതൃപ്തിയുമില്ലാതെ വിഷാദിച്ചു നടക്കുന്ന ധാരാളം വ്യക്തികൾ നമുക്കു ചുറ്റുമുണ്ട്. തങ്ങളുടെ മനസ്സിനെ ഏകാഗ്രമാക്കാനോ നിയന്ത്രിക്കുവാനോ സാധിക്കാത്ത ഇത്തരക്കാർ എന്നും അസംതൃപ്തരാണ്. പ്രഭാഷകന്റെ പുസ്തകം 13,26 ൽ പറയുന്നതുപോലെ,

“പ്രസന്നവദനം ഹൃദയ സന്തുഷ്ടിയെ വെളിപ്പെടുത്തുന്നു” അതായത് ഹൃദയത്തിന്റെ സംതൃപ്തിയും സന്തോഷവുമാണ് ഒരുവന്റെ മുഖത്തും അവന്റെ ജീവിതത്തിലും പ്രകടമാകുക.

ലോകപ്രശസ്ത മനഃശാസ്ത്രജ്ഞനായ നോർമൻ വിൻസെന്റ് പീൽ പറയുന്നു: “ലോകത്തിലെ ഏറ്റവും വലിയ ശക്തി ഏതാണ്, അത് ആറ്റംബോംബിന്റെയോ ന്യൂക്ലിയർ ബോംബിന്റെയോ ശക്തിയല്ല, മറിച്ച് നിങ്ങളുടെ മനസ്സിന്റെ ശക്തിയത്രെ”. ശക്തിയേറിയ ഒരു മനസ്സ് നമുക്കുണ്ടായിരിക്കണം. ‘കാറ്റത്തുലയുന്ന ഞാങ്ങണ’ (മത്താ 11,7-8) പോലെയുള്ള മനുഷ്യരാകരുത് നമ്മൾ. നിർഭാഗ്യവശാൽ നമ്മുടെ മനസ്സ് പലപ്പോഴും പെൻഡുലം പോലെ ആടിയുലയുന്നതാണ്. കാരണം ഇന്നൊരു രീതിയിലാണെങ്കിൽ നാളെ മറ്റൊരു രീതിയിലായിരിക്കും മനുഷ്യമനസ്സിന്റെ അവസ്ഥ. ഇപ്രകാരം ആടിയുലയുന്ന നമ്മുടെ മനസ്സിനെ ഉറപ്പിച്ചു നിർത്താൻ നമുക്കെങ്ങനെ സാധിക്കും?

ഒരു കൊച്ചുകുരുവി കാട്ടിലെ ഏറ്റവും വലിയ മരത്തിന്റെ ഒരു ചില്ലയിൽ ഇരിക്കുകയാണ്. താഴെ ധാരാളം അപകടകാരികളായ മൃഗങ്ങളുണ്ടെങ്കിലും നല്ല സുരക്ഷിതത്വബോധത്തോടെയാണ് ആ കുരുവി മരത്തിൻചില്ലയിൽ സുഖമായി ഇരിക്കുന്നത്. പെട്ടെന്നാണ് കാടിനെയാകെ ഉലച്ചുകൊണ്ട് കൊടുങ്കാറ്റ് ആഞ്ഞുവീശിയത്. താഴെയുള്ള മൃഗങ്ങളെല്ലാം പേടിച്ച് ഓടുകയാണ്. പക്ഷേ കുരുവിക്ക് ഭയമൊന്നുമുണ്ടായില്ല. കാരണം അതിന് തന്റെ ചിറകിൽ വിശ്വാസമുണ്ട്. താൻ ഇരിക്കുന്ന മരച്ചില്ല ഒടിഞ്ഞുവീണാലും മറ്റൊരു ചില്ലയിലേക്ക് പറന്നു പോകാനാവും എന്ന് അതിന് നന്നായി അറിയാം. യഥാർത്ഥത്തിൽ ആ കുരുവിയെ പോലെയാണ് നമ്മളും. അതിജീവനത്തിനുള്ള കരുത്ത് നമ്മിലെല്ലാമുണ്ട്. പക്ഷേ ഈ കുരുവിയെപോലെ അതു നാം തിരിച്ചറിയുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല എന്ന് മാത്രം. ഒരു അവസരം നഷ്ടപ്പെടുന്നതോടുകൂടി ആത്മവിശ്വാസം നഷ്ടപ്പെടുന്നവരാണ് മിക്കവരും. ഒരു ചില്ല ഒടിഞ്ഞാൽ പകരം നിരവധി ചില്ലകൾ തൊട്ടടുത്തുതന്നെ ഉണ്ടെന്ന് മനസ്സിലാക്കിയാലോ, നമ്മുടെ ആത്മസംഘർഷം ലഘൂകരിക്കപ്പെടും, ആത്മവിശ്വാസം വർദ്ധിക്കും. ഒന്നോർക്കുക, നിങ്ങൾ നിങ്ങളെത്തന്നെ, നിങ്ങളുടെ കഴിവുകളെ, പരിമിതികളെ തിരിച്ചറിയുന്നതുവരെ നിങ്ങൾക്ക് സംതൃപ്തമായ, ശാന്തമായ ഒരു ജീവിതം നയിക്കാനാവില്ല.

സാധാരണഗതിയിൽ എ.സി., ഫ്രിഡ്ജ് പോലുള്ള വൈദ്യുതോപകരണങ്ങൾ സ്റ്റെബിലൈസറിന്റെ സഹായത്തോടെയാണല്ലോ ഉപയോഗിക്കാറുള്ളത്. ക്രമരഹിതമായ വൈദ്യുതി പ്രവാഹത്തെ നിയന്ത്രിക്കാനുള്ള ഉപകരണമാണിത്. ഇതുപോലെ നമുക്കും ഒരുആന്തരിക സ്റ്റെബിലൈസർ ഉണ്ടായിരിക്കണം. അങ്ങനെ നമ്മുടെ മനസ്സിനെ എപ്പോഴും ഒരുപോലെ ശക്തിയുള്ളതും ആരോഗ്യമുള്ളതുമായി നിലനിർത്താൻ നമുക്ക് കഴിയണം. അതിനായി പ്രസാദാത്മകമായ പോസിറ്റീവു ചിന്തകൾകൊണ്ട്, മനോഭാവങ്ങൾകൊണ്ട് മനസ്സു നിറയ്ക്കണം. നമ്മുടെ മാനസിക പിരിമുറുക്കങ്ങളെ ദൈവികശക്തികൊണ്ട് അതിജീവിക്കാൻ പഠിക്കണം.

വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം തന്റെ ഏകജാതനെ ഈ ലോകത്തിലേക്ക് അയച്ചത് തന്റെ സൃഷ്ടിയായ മനുഷ്യന്റെ ജീവിതപ്രശ്നങ്ങളെ പരിഹരിച്ച്, അവന് മാനസികവും ശാരീരികവും ആത്മീയവുമായ സൗഖ്യവും ആരോഗ്യവും നൽകി, നിത്യസന്തോഷത്തിലേക്കു നയിക്കുവാനാണ്. ദൈവപുത്രനായ ഈശോമിശിഹായ്ക്ക് സ്വർഗം കനിഞ്ഞു നൽകിയ സമ്മാനമായിരുന്നു “ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന സ്വർഗീയ അരുളപ്പാട്. ഇതിൽ കവിഞ്ഞ ഒരു അംഗീകാരമുദ്ര ഈ ലോകത്തിൽ ഒരു വ്യക്തിക്ക് ലഭിക്കാനില്ല താനും. നമുക്കും ഈ പുതുവർഷത്തിൽ ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളരാം. അതുവഴി ജീവിതം കളർഫുൾ ആക്കാം.



# തിരിച്ചറിവുകൾ

**റവ. ഫാ. ആൽബിൻ പാറയിൽ O.Carm.**

**കാ**ട്ടിലെ പന്തയത്തെക്കുറിച്ചുള്ള കഥ കേട്ടിട്ടില്ലേ? കാട്ടിൽ ഒരു വലിയ പന്തയം നടന്നു. പുലിയും കഴുതയും തമ്മിലായിരുന്നു പന്തയം. കാര്യം നിസാരം. കഴുത പറഞ്ഞു പുല്ലിന്റെ നിറം നീലയാണെന്ന്. പുലി പറഞ്ഞു അല്ല പച്ചയാണെണ്. തർക്കം മൂത്തു. ഒടുവിൽ അത് കാട്ടിലെ രാജാവായ സിംഹത്തിന്റെ അടുക്കൽ എത്തി. സിംഹം പന്തയത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചോദിച്ചറിഞ്ഞു. എന്നിട്ട് കഴുതയെ വിജയിയായി പ്രഖ്യാപിച്ചു. പുലിക്ക് ഒരാഴ്ച തടവു ശിക്ഷയും. എല്ലാവരും പിരിഞ്ഞു പോയപ്പോൾ പുലി സിംഹത്തോടു ചോദിച്ചു: "ശരിക്കും പുല്ലിന്റെ നിറം പച്ചയല്ലേ? പിന്നെന്തിനാണ് അങ്ങ് കഴുതയെ വിജയിയായി പ്രഖാപിച്ചതും എനിക്ക് തടവ് ശിക്ഷ തന്നതും?" സിംഹം പറഞ്ഞു: "നീ പറഞ്ഞതു ശരിയാണ്. പക്ഷേ നിന്നെ ശിക്ഷിച്ചത് നീയാരാണെന്നതു മറന്ന് നീ ഒരു കഴുതയോടു പന്തയം വച്ചതിനാണ്''. താനാരാണെന്നും തന്റെ ദൗത്യം എന്തെന്നുമുള്ള അറിവുകളും തിരിച്ചറിവുകളും ബോധ്യങ്ങളുമാണ് ജീവിതത്തെ നിയന്ത്രിക്കുന്നത്. ആത്മാവിൽ നിറഞ്ഞു തിരിച്ചറിവുകളും ബോധ്യങ്ങളും ഉള്ളവരാകാൻ നമ്മെ ക്ഷണിക്കുന്ന കാലമാണ് ദനഹാക്കാലം.

യോർദാൻ നദിയിൽ മാമോദീസാ മുങ്ങുവാൻ സ്നാപക യോഹന്നാന്റെ പക്കൽ ഈശോ എത്തുമ്പോൾ യോഹന്നാൻ പറയുന്നുണ്ട്, "ഞാൻ നിന്നിൽനിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ, നീ എന്റെ അടുത്തേക്കു വരുന്നുവോ" (മത്താ 3,14) എന്ന്. "ഇപ്പോൾ ഇത് സമ്മതിക്കുക; അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്" (മത്താ 3,15) എന്ന് ഈശോ പറയുന്നത് യോഹന്നാന് കൃത്യമായി മനസ്സിലാകുന്നുണ്ട്. അതിനുശേഷം ഈശോ സാലീമിനടുത്തുള്ള ഏനോനിൽ വച്ച് സ്നാനം കൊടുത്തിരുന്നപ്പോഴാണ് സ്നാപകയോഹന്നാന്റെ ശിഷ്യ

ന്മാർ ഈശോയ്ക്കെതിരേ പരാതിയുമായെത്തിയത്. പരാതിപ്പെട്ട ശിഷ്യന്മാരോട് തന്റെ ഉള്ളിലുള്ള അവബോധത്തിൽനിന്നും യോഹന്നാൻ പറയുന്നത് “സ്വർഗത്തിൽനിന്നും നല്കപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല” (യോഹ 3,27) എന്നാണ്.

സ്നാപകയോഹന്നാന്റെ അടുക്കൽവന്ന് മിശിഹായെക്കുറിച്ചു പരാതി പറയുന്ന സ്നാപകന്റെ ശിഷ്യന്മാർ ഗുരുവിനോടുള്ള പ്രതിപത്തിതന്നെയാണ് പ്രകടിപ്പിക്കുന്നത്. ഗുരുവിനെയും അവന്റെ പ്രവർത്തനങ്ങളെയും വിലമതിക്കുന്ന ശിഷ്യന്മാർ ഈശോയെക്കുറിച്ച് സ്നാപകനോടു വന്നു പറയുന്നു, ‘നീ ആർക്കു സ്നാനം നൽകിയോ, അവനിതാ മറുകരയിൽ സ്നാനം നടത്തുന്നു’. ശിഷ്യന്മാർക്ക് ഗുരുവിനോടുള്ള പ്രതിപത്തി അസൂയയ്ക്കും വൈരാഗ്യത്തിനും കാരണമാകുന്നു. തങ്ങളുടെ ഗുരുവിനേക്കാൾ വലിയവൻ ആരുമില്ലെന്ന് അവർ ചിന്തിക്കുന്നു. സ്നാപകൻ തന്റെ ബോധ്യങ്ങൾവച്ച്, അറിവുകൾ വച്ച്, തിരിച്ചറിവുകൾ വച്ച് ശിഷ്യന്മാരെ തിരുത്തുന്നു. ഉന്നതത്തിൽനിന്നും സ്വീകരിക്കാതെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. മിശിഹാ മറുകരയിൽ സ്നാനം നൽകുന്നു എന്ന അറിവ് സ്നാപകനെ അസൂയപ്പെടുത്തിയില്ല. കാരണം താനാരാണെന്നും താൻ കാത്തിരിക്കുന്ന മിശിഹാ ആരാണെന്നും തന്റെ ദൗത്യം എന്താണെന്നുമുള്ള നല്ല ബോധ്യം സ്നാപകന് ഉണ്ടായിരുന്നു.

അതാണ് തിരിച്ചറിവ് എന്ന് പറയുന്നത്. ആത്മാവാൽ നിറഞ്ഞവർക്കു മാത്രമേ തിരിച്ചറിവ് ഉണ്ടാകുകയുള്ളൂ. ഈശോയും സ്നാപക യോഹന്നാനും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാണ്. ആത്മാവിന്റെ വരദാന ഫലങ്ങൾ നിറഞ്ഞവർക്ക് അറിവുകളെക്കാൾ കൂടുതലായി തിരിച്ചറിവുകൾ ഉണ്ടാകുകയും പരസ്പരം മനസ്സിലാക്കാൻ അത് അവരെ സഹായിക്കുകയും ചെയ്യും. ആത്മാവാൽ നിറഞ്ഞവരാവുമ്പോഴാണ് മിശിഹായുടെ ഹൃദയത്തിന്റെ ആഴം അല്ലെങ്കിൽ അവന്റെ ഉള്ളിന്റെ ഉള്ള് എന്താണെന്ന് നമുക്കു തിരിച്ചറിയാനാവുക. പരിശുദ്ധ അമ്മ എലിസബത്തിനെ കാണാൻ ചെന്ന് അവളെ അഭിവാദ്യം ചെയ്യുമ്പോൾ, എലിസബത്തിന്റെ ഉദരത്തിൽ കിടന്ന ശിശു പരിശുദ്ധാത്മാവിനാൽ നിറയുന്നുണ്ട്. അന്നുമുതൽ ഈശോയുടെ മനസ്സിലുള്ളത് എന്താണെന്നത് തിരിച്ചറിയാൻ സ്നാപകയോഹന്നാനു കഴിഞ്ഞിരുന്നു. സ്വർഗത്തിൽനിന്നു സ്വീകരിക്കാതെ, പരിശുദ്ധാത്മാവിനെ സ്വീകരിക്കാതെ, ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാകണം. ആത്മാവിനാൽ നിറഞ്ഞവരായി, തിരിച്ചറിവുകളുള്ളവരായി മാറാൻ ഈ കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

നമ്മുടെ ഇടയിലെ കലഹങ്ങൾക്കും അസൂയകൾക്കുമൊക്കെ കാരണമാകുന്നത് ഒന്നെളിമപ്പെടാനുള്ള നമ്മുടെ മനസില്ലായ്മ ആണ്; ഞാൻ ആരെന്നുള്ള തിരിച്ചറിവില്ലായ്മയാണ്. ഇതു നമ്മെ അഹങ്കാരികളാക്കി മാറ്റുന്നുണ്ട്. അഹന്ത മറ്റുള്ളവരെ ചെറിയവരായി കാണാൻ നമ്മളെ പ്രേരിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണ് തിരിച്ചറിവുകൾ ആവശ്യമായിരിക്കുന്നത്. ഞാനാരാണെന്നും എന്റെ ദൗത്യം എന്താണെന്നും നമ്മെയോരോരുത്തരെയും ബോധ്യപ്പെടുത്തുന്നത് തിരിച്ചറിവാണ്. മിശിഹായുടെ മുമ്പിൽ താനാരാണെന്നുള്ള നല്ല ബോധ്യമുണ്ടായിരുന്ന, തിരിച്ചറിവുണ്ടായിരുന്ന സ്നാപകയോഹന്നാൻ “അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണം” (യോഹ 3,30) എന്നു പറയുകയും മിശിഹായ്ക്കുവേണ്ടി വഴിമാറി കൊടുക്കുകയും ചെയ്തു. കാരണം അവനിൽ ഈശോയിൽ നിറഞ്ഞ പരിശുദ്ധാത്മാവുണ്ടാരുന്നു. ഹേറോദേസിനാൽ സ്നാപകയോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടശേഷം ഈശോ തന്റെ ദൗത്യം തുടങ്ങുകയാണ്. കാരണം സ്നാപകനുശേഷം താൻ ചെയ്യേണ്ട പ്രവർത്തനത്തെക്കുറിച്ച് ആത്മാവ് ഈശോയെ ബോധ്യപ്പെടുത്തുകയും ആത്മാവിന്റെ പ്രവർത്തനത്താൽ ഈശോ തന്റെ ദൗത്യത്തിലേക്ക് പ്രവേശിക്കുകയുമാണ്. ഇതുപോലെയുള്ള തിരിച്ചറിവുകളാണ് നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടത്.

ഞാൻ ഭർത്താവാണ്, ഞാൻ കുടുംബം പുലർത്തേണ്ടവനാണ്, ഞാൻ ഭാര്യയാണ്, ഞാൻ കുടുംബകാര്യങ്ങളൊക്കെ നോക്കിക്കൊണ്ടു പോകേണ്ടവളാണ്, ഞാൻ മകനാണ്, മകളാണ്, മാതാപിതാക്കളെ അനുസരിച്ചും വിധേയപ്പെട്ടും ഉത്തരവാദിത്വങ്ങൾ ചെയ്യേണ്ടതാണ്, ഞാൻ വൈദികനാണ്, സമർപ്പിതനാണ്.... നാം ആയിരിക്കുന്ന അവസ്ഥയെക്കുറിച്ചും ജീവിതാന്തസ്സിനെക്കുറിച്ചുമുള്ള ബോധ്യം നമ്മെ കൂടുതൽ വിനയമുള്ളവരാക്കിത്തീർക്കും. ഈ ബോധ്യമില്ലാത്തവൻ അഹങ്കാരിയായി മാറും. യഥാർത്ഥ ബോധ്യത്തിലേക്ക് നമുക്കു വളരേണ്ടിയിരിക്കുന്നു. ഇന്നത്തെ തലമുറയുടെ ഏറ്റവും വലിയ പ്രശ്നം ഏതാണു ശരി, ഏതാണു തെറ്റ് എന്നുള്ള തിരിച്ചറിവ് ഉണ്ടാകുന്നില്ല എന്നതാണ്. അറിവുണ്ടാകുന്നുണ്ട്, അറിവിൽ വളരുന്നുണ്ട്. പക്ഷേ തിരിച്ചറിവിൽ വളരാൻ സാധിക്കുന്നില്ല. മറ്റുള്ളവരെ കണ്ടുപഠിക്കാൻ, അവരിലെ നന്മകളെ കണ്ടെത്താനാൻ സാധിക്കുന്നില്ല. മറ്റുള്ളവർ ആരാണ്, എന്താണ് എന്നൊക്കെയുള്ള അറിവ് നേടിയെടുക്കുമ്പോഴും അവനെ ഒന്നു മനസ്സിലാക്കാൻ, തിരിച്ചറിയാൻ, അവന്റെ ഉള്ളറിയാൻ നമുക്കു പറ്റുന്നില്ല.

ഈശോയും സ്നാപകയോഹന്നാനും തമ്മിലുള്ള ഒരു ഹൃദയബന്ധം പലപ്പോഴും നമ്മുടെയിടയിൽ ഇല്ലാതെ പോകുന്നത് ആത്മാവില്ലാത്തതുകൊണ്ടാണ്. കുടുംബങ്ങളിൽ ആത്മാവില്ലാതാകുമ്പോൾ കുടുംബം നശിക്കുന്നു. ആത്മാവില്ലാതെ പ്രവർത്തിക്കുമ്പോൾ പരസ്പരം തിരിച്ചറിയാതെ പോകുമ്പോൾ പങ്കാളികൾ തമ്മിലും, മക്കളും മാതാപിതാക്കളും തമ്മിലും, സഹോദരങ്ങൾ തമ്മിലും അസ്വസ്ഥതകൾ രൂപപ്പെടും. കുടുംബബന്ധങ്ങൾ ചിന്നഭിന്നമാകും. സമൂഹത്തിലായാലും സഭയിലായാലും സന്ന്യാസഭവനങ്ങളിലായാലും ഒരേ ആത്മാവോടുകൂടി ജീവിക്കാൻ, തിരിച്ചറിവിന്റെ ആത്മാവോടുകൂടി, മറ്റുള്ളവരെ മനസ്സിലാക്കി ജീവിക്കാൻ സാധിക്കുമ്പോഴാണ്, ഒരുമയിൽ, സ്നേഹത്തിൽ പടുത്തുയർത്തപ്പെട്ട ജീവിതങ്ങളായി നമുക്കു മാറാൻ സാധിക്കുന്നത്. മറ്റുള്ളവരെ വളർത്തുന്ന, 'അവൻ വളരുകയും ഞാൻ കുറയുകയും ചെയ്യണ'മെന്ന് ആഗ്രഹിക്കുന്ന, യോഹന്നാന്റെ ഒരു മനസ്സ് നമുക്കുമുണ്ടാകണം. കാരണം തന്റെ ദൗത്യം എന്തായിരുന്നുവെന്ന ബോധ്യം ഉണ്ടായിരുന്ന യോഹന്നാൻ ഈശോയുടെ മനസറിഞ്ഞു സ്വയം പിന്മാറുകയാണ്. അങ്ങനെ സ്വയം എളിമപ്പെടാൻ തയ്യാറായ യോഹന്നാനെ 'സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനായി ആരുമില്ല' എന്നു പറഞ്ഞ് ഈശോ എല്ലാവരെയുംകാൾ വലിയവനാക്കുന്നു: "സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല. എങ്കിലും, ദൈവ രാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാണ്" (ലൂക്കാ 7,28). അതുകൊണ്ട് സ്വയം താഴാനും മറ്റുള്ളവർക്കായി സ്വയം വഴിമാറിക്കൊടുത്തു ജീവിക്കാനും നമുക്കു സാധിക്കണം. ഈ ദനഹാക്കാലത്ത് ആത്മാവിന്റെ ശക്തിയോടെ പ്രവർത്തിച്ച സ്നാപകയോഹന്നാനെയും ഈശോയുടെ പരസ്യജീവിതത്തെയുംകുറിച്ച് ധ്യാനിക്കുമ്പോൾ, ഈശോയിൽ നിറഞ്ഞിരുന്ന, പന്തക്കുസ്താ ദിവസം തമ്പുരാൻ നമുക്ക് നൽകിയ, പരിശുദ്ധാത്മാവിനാൽ നിറയാനും അറിവുകളോടൊപ്പം തിരിച്ചറിവുകൾ ഉണ്ടാവാനും മറ്റുള്ളവരെ ഒന്നു മനസ്സിലാക്കാനും ഞാൻ ആയിരിക്കുന്നിടത്ത്, അത് കുടുംബത്തിലോ, സഭയിലോ, സമൂഹത്തിലോ ആയാലും സ്നേഹത്തിന്റെ, എളിമപ്പെടലിന്റെ, തിരിച്ചറിവിന്റെ, ചേർത്തുപിടിക്കലിന്റെ, പരസ്പരം കൈപിടിച്ചുയർത്തുന്നതിന്റെ സാക്ഷികളായി മാറാനും സുവിശേഷത്തിന്റെ സജീവ വക്താക്കളാകാനും നമുക്ക് സാധിക്കണം. സുവിശേഷ ബോധ്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ നമുക്കു കഴിയണം. അങ്ങനെ ദനഹാക്കാലം ആത്മാവിൽ നിറഞ്ഞവരാകാൻ, തിരിച്ചറിവുകളും ബോധ്യങ്ങളും ഉള്ളവരാകാനുള്ള കാലമാവട്ടെ. സ്വയാവബോധമുള്ളവരായി തമ്പുരാന്റെ സുവിശേഷ സാക്ഷികളാകാൻ നമുക്ക് സാധിക്കട്ടെ. ആമ്മേൻ.

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോയുടെ മാമോദീസാകൊണ്ട് ആരംഭിക്കുന്ന ദനഹാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോയുടെ മാമോദീസാ ത്രിയേകദൈവത്തിന്റെ ഒരു സ്വയം വെളിപ്പെടുത്തലായിരുന്നെങ്കിൽ, നമ്മുടെ മാമോദീസാ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്കുള്ള പ്രവേശനമാണ്. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ" (മത്താ 28,20) എന്നു വിവർത്തനം ചെയ്തിരിക്കുന്നതിന്റെ ഗ്രീക്കുമൂലം "നാമത്തിലേക്ക്" എന്നാണ്. അതായത് മാമോദീസായിലൂടെ നാം ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിലേക്കു പ്രവേശിക്കുകയാണു ചെയ്യുന്നത്. അതായത് സഭ ത്രിത്വാത്മക ദൈവികകൂട്ടായ്മയാണ് (1 യോഹ 1,3). ഈ സഭാകൂട്ടായ്മ ജീവിക്കുവാനും പരിപോഷിപ്പിക്കുവാനും എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയെക്കുറിച്ചുള്ള അവബോധത്തോടെ ജീവിക്കുവാൻ സഭാംഗങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് നമുക്ക് അജപാലകശുശ്രൂഷ നിർവ്വഹിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ<br>
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2024 ഡിസംബർ മാസം 16-17 തീയതികളിലും 2025 ജനുവരി 13-14 തീയതികളിലും സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച് സെനക്കിൾ മീറ്റിംഗ് നടന്നു. ഡിസംബർ മാസത്തിൽ 'ത്രിമാന സഭാപാരമ്പര്യത്തെക്കുറിച്ചും' ജനുവരിമാസത്തിൽ ജൂബിലിവർഷ വിഷയമായ 'പ്രത്യാശയെക്കുറിച്ചും' ധ്യാനവും പങ്കുവയ്ക്കലും നടക്കുകയുണ്ടായി.



# ജീവിതം ആസ്വദിക്കൂ ജീസസിനൊപ്പം

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ച**ങ്ങാതി, എന്തേ ഇന്നും നിന്റെ മുഖം മ്ലാനമായിരിക്കുന്നത്....

അറിയാം... ഇന്നും നിന്നെ തേടിയെത്തിയിരിക്കുന്നത് അത്ര ഗുഡ് ന്യൂസ് അല്ലെന്ന്.

2025 ലെ പുതുവർഷ പുലരിയിൽ നീ തിരിച്ചറിഞ്ഞത് നിന്റെ പ്രിയപ്പെട്ടവളുടെ മാരകരോഗമാണല്ലേ! ആശുപത്രി വരാന്തയിലിരുന്നു നീ ആരും കാണാതെ തേങ്ങി തേങ്ങി കരഞ്ഞത് നിന്റെ ഇന്നലെകളെ ഓർത്തല്ലേ.... നീ ഭയപ്പെടുന്നതു മുഴുവനും നിന്റെ നാളകളെ ഓർത്താണല്ലോ.... പുഞ്ചിരി നിന്റെ മുഖത്തു നിന്നു മാഞ്ഞിട്ട് എത്രയോ നാളുകളായി....

നീ പറയുമായിരിക്കും, എങ്ങനെ സന്തോഷിക്കും??? ഒരു പ്രശ്നം തീരുമ്പോൾ അടുത്തത് വരും, അത് തീരുമ്പോൾ മറ്റൊന്ന്.... രോഗം! വേർപാട്! അപ്രതീക്ഷിത ദുരന്തങ്ങൾ! സാമ്പത്തിക ബുദ്ധിമുട്ടുകൾ! കടബാധ്യതകൾ!

ശരിയാണ് നീ പറയുന്നതൊക്കെ.... പക്ഷേ ഒരു ചോദ്യം ഞാൻ ചോദിച്ചോട്ടെ എന്നോടും നിന്നോടും...? പ്രശ്നങ്ങളെല്ലാം തീർന്നിട്ട് എന്നാണ് ജീവിതം ആസ്വദിക്കുന്നത്...? അനാവശ്യമായ ഉത്കണ്ഠ മൂലം എത്രയോ നാളുകളായി അസ്വസ്ഥനാകാൻ തുടങ്ങിയിട്ട്...! ജീവിതം എന്ന മഹാദാനം നമുക്ക് സമ്മാനമായി നൽകിയവൻ നമ്മോടു പറയുന്നത് ജീവിതം ആസ്വദിക്കാനാണ്.

ഈശോ എന്നോടും നിന്നോടും പറയുന്നു: “ഉത്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?” (മത്താ 6,27); “നാളെയെ

ക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനം തന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടു കൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" (മത്താ 6,34).

സുഹൃത്തേ, നമ്മൾ മറന്നുപോകുന്നത് 'ഇന്ന്' ജീവിക്കാനാണ്. ഇന്നത്തെ ജീവിതം, ഈ നിമിഷം ആസ്വദിക്കാനാവാതെ ആകുലരാകുമ്പോൾ 'ഇന്ന്' നമുക്ക് നഷ്ടപ്പെടുന്നു. 'ഇന്ന്' നാളത്തെ ഇന്നലെയാകുമ്പോൾ ഇന്നലെയും ഇന്നും നാളെയും നമുക്ക് നഷ്ടപ്പെടുന്നു. 'ഇന്ന്' ജീവിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്ന ഒരാളുടെ ഡയറിക്കുറിപ്പ് തുടങ്ങുന്നത് ഇങ്ങനെയാണ്. ലോകമെങ്ങും പ്രശസ്തമായ കുറിപ്പിലെ ആദ്യ പേജിൽ നിന്നും:

"ഭാവി ഓർക്കുകിൽ എന്നിൽ ഭയം നിറഞ്ഞിടുന്നു,
ചൂഴ്ന്നിറങ്ങണം എന്തിനു ഭാവിയിലേക്ക്?
ഈ നിമിഷം മാത്രമല്ലോ എനിക്കു വിലപ്പെട്ടത്
എന്തെന്നാൽ, കടന്നുവരില്ല ഭാവി എൻ ഹൃദയത്തിലൊരിക്കലും

മാറ്റാമോ, തിരുത്താമോ, എൻ ഭൂതകാലത്തെ
കൂട്ടിച്ചേർക്കാമോ അതെനിക്ക് സാധ്യമല്ല
പണ്ഡിതർക്കോ പ്രവാചകന്മാർക്കോ ആവതില്ലത്
ഏൽപ്പിക്കൂ ദൈവത്തെ നിൻ ഭൂതകാലമത്രയും

ഓ, നിമിഷമേ നീ പൂർണമായും എനിക്കു സ്വന്തം
പൂർണ്ണശക്തിയോടെ നിന്നെ ഉപയോഗിപ്പാൻ ആഗ്രഹിപ്പൂ ഞാൻ
ആവുംവിധം നന്നായി ഉപയോഗിക്കും ഞാനങ്ങയെ
എളിയവളാണു ബലഹീനയാണു ഞാൻ
എങ്കിലും സർവശക്തിതൻ കൃപ അങ്ങ് എനിക്കേകിടുന്നു

ദൈവകരുണയിലാശ്രയിച്ച് നിൻ
പൈതലായി ജീവിതം നയിച്ചിടുന്നു
അനുദിനമെൻ ഹൃദയം സമർപ്പിക്കുന്നു
നിൻ മഹത്ത്വത്തിനായി സ്നേഹത്തിൽ ജ്വലിച്ചിടുന്നു".

ഇത് വിശുദ്ധ ഫൗസ്റ്റിനായുടെ ഡയറിക്കുറിപ്പിലെ രണ്ടാമത്തെ നമ്പറാണ്.

ഈ നിമിഷത്തെ പ്രണയിച്ചവൾ, ഈ നിമിഷത്തെ ആസ്വദിച്ചവൾ അറിയപ്പെട്ടത് തോട്ടക്കാരി, കുശിനിക്കാരി, വാതിൽ സൂക്ഷിപ്പുകാരി എന്നീ നിലകളിലായിരുന്നു. ഇതൊക്കെയായിരുന്നു അവൾക്കുള്ള സംജ്ഞകൾ! വിവരമില്ലാത്തവൾ എന്ന് ലോകം മുദ്രകുത്തിയവൾ ലോകത്തിനു നൽകുന്ന മഹത്തായ സന്ദേശം ഇതു തന്നെയാണ്.

❖ഈ നിമിഷത്തെ മനോഹരമാക്കൂ!

❖രോഗപീഡകളുടെയും തെറ്റിദ്ധാരണകളുടെയും നടുവിൽ 33 വർഷം! ജീസസിനൊപ്പം ജീവിതമാസ്വദിച്ചവൾ ജീസസിൽ ഒന്നായി! സുഹൃത്തേ, നമുക്കും ഹാപ്പിയായി ജീവിക്കണ്ടേ? എന്നും കരഞ്ഞും വിലപിച്ചുമൊക്കെ ജീവിച്ചാൽ മതിയോ? എങ്കിൽ നമുക്കും ഈ നിമിഷത്തെ ജീസസിനൊപ്പം ആഘോഷിക്കാം.

❖ജീവിതം വച്ചുവിളമ്പിത്തരുന്നത് എന്തൊക്കെ ആയാലും നമുക്കും സന്തോഷത്തോടെ സ്വീകരിക്കാം. ഈ ജീവിതം ജീസസിനൊപ്പം ആഘോഷിക്കാം, ആസ്വദിക്കാം. അങ്ങനെ ഈ പുതുവർഷത്തിന്റെ ഓരോ പുലരിയെയും പുത്തൻ ഭാവങ്ങളോടെ, പുതിയ പ്രതീക്ഷകളോടെ, പുതുചൈതന്യത്തോടെ നമുക്കു വരവേൽക്കാം.



# അത്താലിയാ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇസ്രായേൽ രാജാവായ ഓമ്രിയുടെ പൗത്രി, ആഹാബു രാജാവിന്റെയും ജസബെലിന്റെയും പുത്രി, യൂദാ രാജാവായ യഹോറാമിന്റെ ഭാര്യ, അഹസിയായുടെ അമ്മ - ഈവിധ കുടുംബരേഖകളാണ് അത്താലിയാ രാജ്ഞിക്കുള്ളത്. യഹോറാമിന്റെ കുടലിൽ രോഗം ബാധിച്ച് അവൻ മരണപ്പെട്ടപ്പോൾ, മകൻ അഹസിയാ രാജാവായി (2 ദിന 22,2). യുദ്ധത്തിൽ മുറിവേറ്റു ചികിത്സയിലായിരുന്ന ഇസ്രായേൽ രാജാവായ യോറാമിനെ (ആഹാബിന്റെ മകൻ) കാണുവാൻ അഹസിയാ ഇസ്രായേലിലേക്കു പോയി. ആഹാബുഗൃഹത്തിനെതിരെ ശിക്ഷാവിധി നടത്തുവാൻ ദൈവം നിയോഗിച്ച യേഹു അഹസിയായെയും സഹോദരന്മാരെയും വധിച്ചു. അങ്ങനെ അഹസിയായുടെ കുടുംബത്തിൽ രാജത്വം ഏൽക്കാൻ ആരും ഇല്ലാതായി (2 ദിന 22,9).

യേഹു അഹസിയായെയും കൂട്ടരെയും വധിച്ചു എന്നറിഞ്ഞപ്പോൾ അമ്മയായ അത്താലിയാ ക്രുദ്ധയായി. അവൾ യൂദാ രാജകുടുംബത്തിലെ അവശേഷിച്ചിരുന്നവരെയെല്ലാം വധിക്കുവാൻ നടപടിയെടുത്തു (2 ദിന 22,10-12; 2 രാജാ 11,1-2). തുടർന്ന് യഹോറാമിന്റെ ഭാര്യയായ അത്താലിയാ സ്വയം രാജ്ഞിയായി. അവൾ യൂദാജനത്തെ വേദനിപ്പിക്കാൻ തുടങ്ങി. ഒരു സ്ത്രീ ഭരിക്കുന്നു എന്നതു മാത്രമല്ല, ഒരു വിദേശി -പകുതി ഫിനീഷ്യനും പകുതി ഇസ്രായേല്യയുമായ ഒരുവൾ- ഭരിക്കുന്നത് യൂദായെ ഞെരുക്കത്തിലാക്കി. അവൾ ബാൽദേവന്റെ പ്രതിഷ്ഠ യൂദയായിൽ പുനരാരംഭിച്ചു, ബലിപീഠങ്ങൾ പണിതുയർത്തി. അങ്ങനെ യൂദായിലെങ്ങും ബാലിന്റെ ക്ഷേത്രങ്ങൾ വെട്ടിത്തിളങ്ങി; സോളമന്റെ ദേവാലയം ക്ഷയിച്ചും തുടങ്ങി. ആറു വർഷം അത്താലിയാ യൂദായെ ഭരിച്ചു. ആഹാബിന്റെയും ജസബെലിന്റെയും അഹങ്കാരവും ദുഷ്ടതയും അത്താലിയായിലും കാണാമായിരുന്നു.

എന്നാൽ, അത്താലിയാ കബളിപ്പിക്കപ്പെട്ടിരുന്നു. രാജകുടുംബം മുഴുവൻ വാളിനിരയായി എന്നവൾ വിശ്വസിച്ചു. എന്നാൽ ഒരു കുട്ടി രക്ഷപ്പെട്ടിരുന്നു. അഹസിയായുടെ മകൻ യോവാഷ്! ദൈവം കരുതിവച്ച നന്മയുടെ അസ്ത്രം! ദുഷ്ടത എവിടെ മുളയെടുക്കുന്നുവോ അതിനെതിരെ ദൈവകരത്തിന്റെ ശക്തി തെളിയും. യൂദായുടെ കഷ്ടതയിൽ ഒരു ചെറിയ കാലഘട്ടത്തിൽപോലും ദൈവകരം അന്യമാകാതിരിക്കാൻ അത്താലിയായുടെ കാലത്ത് യോവാഷിനെ ദൈവം പരിപാലിച്ചു മാറ്റിനിർത്തി; അതും ദേവാലയത്തിൽത്തന്നെ.

അത്താലിയാ രാജകുടുംബത്തെ സമൂലം നശിപ്പിക്കുന്നതിനിടയിൽ യോറാം രാജാവിന്റെ മകളും അഹസിയുടെ സഹോദരിയുമായ യഹോഷേബാ, യോവാഷിനെ ധാത്രിയോടൊപ്പം

കിടക്കറയിൽ ഒളിപ്പിച്ചു. യഹോഷേബാ പുരോഹിതനായ യഹോയാദായുടെ ഭാര്യയായിരുന്നു. അവർ അവനെ ആറുവർഷം ദേവാലയത്തിൽ ഒളിവിൽ പാർപ്പിച്ചു. കൊല്ലപ്പെടുവാൻ വിധിക്കപ്പെട്ടവൻ ദേവാലയത്തിൽ വളർത്തപ്പെടുന്നു. മനുഷ്യന്റെ ചിന്തകൾ ദൈവത്തിന്റെ മഹനീയ ചിന്തകളോളം ഒരിക്കലും എത്തില്ല.

ഏഴാം വർഷം യഹോയാദാ പുരോഹിതൻ കെരേത്യരുടെയും അംഗരക്ഷകരുടെയും നായകന്മാരെ കർത്താവിന്റെ ഭവനത്തിൽ വിളിപ്പിച്ചു. അവിടെ അവൻ അവരെക്കൊണ്ട് സത്യം ചെയ്യിക്കുകയും ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. അനന്തരം അവൻ രാജകുമാരനെ അവർക്കു കാണിച്ചുകൊടുത്തു."പുരോഹിതൻ കർത്താവിന്റെ ഭവനത്തിൽ സൂക്ഷിച്ചിരുന്ന ദാവീദുരാജാവിന്റെ കുന്തങ്ങളും പരിചകളും നായകന്മാരെ ഏൽപ്പിച്ചു. കാവൽഭടന്മാർ ആയുധധാരികളായി തെക്കുവശം മുതൽ വടക്കുവശം വരെ ബലിപീഠത്തിനും ആലയത്തിനും ചുറ്റും നിലകൊണ്ടു. അനന്തരം, അവൻ രാജകുമാരനെ പുറത്തുകൊണ്ടുവന്നു. കിരീടമണിയിച്ച് അധികാരപത്രവും നല്കി. അവർ അവനെ രാജാവായി പ്രഖ്യാപിച്ച്, അഭിഷേകം ചെയ്തു. അവർ കരഘോഷത്തോടെ രാജാവ് നീണാൾ വാഴട്ടെ എന്നുദ്ഘോഷിച്ചു" (2 രാജാ 11,10-11).

കർത്താവിന്റെ ആലയത്തിൽ ജനത്തിന്റെയും കാവൽക്കാരുടെയും ആനന്ദനിർഭരമായ ശബ്ദവും കാഹളവും കേട്ട് അത്താലിയ അവിടേക്കു ചെന്നു. ആചാരപ്രകാരം രാജാവ് തൂണിന്റെ സമീപം നിൽക്കുന്നത് അവൾ കണ്ടു. അവൾ തന്റെ വസ്ത്രം കീറി, 'രാജദ്രോഹം രാജദ്രോഹം' എന്നു വിളിച്ചുപറഞ്ഞു. "പുരോഹിതൻ യഹോയാദാ സേനാപതികളോടു കല്പിച്ചു: അവളെ സൈന്യനിരകളുടെ ഇടയിലൂടെ പുറത്തുകൊണ്ടുവരുവിൻ. അവളുടെ പക്ഷം ചേരുന്നവരെ വാളിനിരയാക്കുവിൻ. ദേവാലയത്തിൽവച്ച് അവളെ വധിക്കരുത്. അവർ അവളെ പിടിച്ച് കൊട്ടാരത്തിന്റെ അശ്വകവാടത്തിങ്കൽ കൊണ്ടുവന്ന്, അവിടെവച്ചു വധിച്ചു" (2 രാജാ 15,16). ആറുവർഷം നീണ്ട അവളുടെ ഭരണം നിലച്ചു. ദുഃശാഠ്യക്കാരിയായ അത്താലിയാ അങ്ങനെ മൺമറഞ്ഞു. താമസിയാതെ തങ്ങൾ കർത്താവിന്റെ ജനമായിരിക്കുമെന്ന് യഹോയാദാ രാജാവിനെയും ജനത്തെയുംകൊണ്ട് കർത്താവുമായി ഉടമ്പടി ചെയ്യിപ്പിച്ചു. രാജാവും ജനവും തമ്മിലും ഉടമ്പടി ചെയ്തു.

ജനം ഒന്നിച്ച് ബാലിന്റെ ഭവനത്തിൽ കടന്ന് അത് തകർത്തു. ബലിപീഠവും വിഗ്രഹങ്ങളും തച്ചുടക്കുകയും ബാലിന്റെ പുരോഹിതനായ മാത്താനെ ബലിപീഠത്തിനു മുമ്പിൽ വച്ചു കൊല്ലുകയും ചെയ്തു. കൂടാതെ കർത്താവിന്റെ ഭവനം സൂക്ഷിക്കാൻ കാവൽക്കാരെ ഏർപ്പെടുത്തുകയും ചെയ്തു. ജനത്തിന്റെയും കാവൽക്കാരുടെയും പടനായകന്മാരുടെയും അകമ്പടിയോടെ ഏഴുവയസ്സുള്ള രാജാവ് ദേവാലയത്തിൽനിന്നു കൊട്ടാരത്തിലേക്കു വന്നു. അത്താലിയാ വധിക്കപ്പെട്ടതോടെ നഗരം ശാന്തമായി. യൂദായുടെ ഐശ്വര്യം പുനഃസ്ഥാപിക്കപ്പെട്ടു. ഇസ്രായേലിന്റെ ജീവിതപോരാട്ടത്തിൽ തിന്മയുടെ ഒരു കാർമേഘകണമായ അത്താലിയാ അരങ്ങൊഴിഞ്ഞു.

**അത്താലിയായിൽനിന്നു പഠിക്കാൻ:**

- *നാശം ഒന്നിനും പരിഹാരമാകില്ല.*
- *കുടുംബത്തിൽ കാരുണ്യത്തിനു വില നല്കുക.*
- *അഹങ്കാരം അധഃപതനത്തിനു കാരണമാകും.*
- *തിന്മയെ തച്ചുടക്കുക, നന്മയെ പടുത്തുയർത്തുക.*
- *വിജയം എപ്പോഴും ദൈവനീതിക്കാണ്.*



# ശ്രദ്ധ തെറ്റരുതേ...

ഷിനി തെരേസ് മുതുപ്ലാക്കൽ

**അ**ണുകുടുംബങ്ങളും സോഷ്യൽ മീഡിയാവഴിയുള്ള അതിവിശാലമായ ബന്ധങ്ങളുമുള്ള ഇക്കാലത്ത് അയൽപക്കബന്ധങ്ങളും സന്ദർശനങ്ങളും കുറവാണെങ്കിലും, കോരച്ചേട്ടന്റെയും വറീതുചേട്ടന്റെയും കുടുംബങ്ങളെ അതൊട്ടും ബാധിച്ചിട്ടില്ല. ഈ ഇരുവീടുകളിൽ ഏതെങ്കിലുമൊന്നിൽ എല്ലാ ദിവസവും കുറച്ചുസമയം ഒത്തുകൂടി നാട്ടുകാര്യവും വീട്ടുകാര്യവുമൊക്കെ അവർ വർത്തമാനവിഷയമാക്കും. പഴംപുരാണവും തമാശയും ഗൗരവമായ കാര്യങ്ങളുമൊക്കെ വിഷയങ്ങളാക്കുമ്പോഴും ബെല്ലും ബ്രേക്കുമില്ലാത്തതും അപവാദങ്ങൾ നിറഞ്ഞതുമായ അനാവശ്യസംഭാഷണങ്ങൾ ഒഴിവാക്കാൻ അവർ ശ്രദ്ധിക്കാറുണ്ട്.

ഇന്ന് കോരച്ചേട്ടൻ വറീതുചേട്ടന്റെ വീട്ടിലേക്കാണു വന്നത്. പക്ഷേ, കോരച്ചേട്ടൻ വന്നതോ കസേര വലിച്ചിരുന്നതോ വിളിച്ചതോ ഒന്നും കോലായിലേക്കു നോക്കി വിഷണ്ണനായിരുന്ന വറീതുചേട്ടനറിഞ്ഞില്ല. വീടിനകത്തേക്ക് ചേരപോലെ തല നീട്ടി കോരചോദിച്ചു: "വറീതെന്നാ ഒറോതേ നല്ലോരീ വൈകുന്നേരം ഇങ്ങനെ 'വറി'യായി വെറുതെ ഇരിക്കുന്നേ?"

കറി വയ്ക്കാൻ പച്ചക്കറി അരിഞ്ഞുകൊണ്ടിരുന്ന ഒറോതച്ചേടത്തി കയ്യിൽ കത്തിയുമായാണ് കടന്നുവന്നതെങ്കിലും കോപമോ കാപട്യമോ കൂടാതെ കാര്യകാരണങ്ങൾ നിരത്തി: "പുള്ളിക്കാരന് ടി.വി. ലെ വാർത്തകൾ കണ്ടപ്പോളുണ്ടായ ദെണ്ണവാ. അരുതാത്ത കാര്യങ്ങളൊക്കെയല്ലേ കാണുകയും കേൾക്കുകയും ചെയ്യുന്നത്? നമ്മള് പരിശുദ്ധരായി കണ്ടോണ്ടിരുന്നോരൊക്കെ എന്തൊക്കെയാ കാട്ടിക്കൂട്ടുന്നത്...! അവനവന്റെ അന്തസ്സും വിലയും ഇല്ലാണ്ടാക്കുവല്ലേ.... എല്ലാരുടെയും മുമ്പിൽ നമ്മുടെ സമുദായത്തെയുംകൂടെ നാണംകെടുത്തുവാണല്ലോ....

കോര പലപ്പോഴും ഘോരം ഘോരം പ്രസംഗിക്കുമായിരുന്നല്ലോ, നമുക്കുണ്ടാകുന്ന പ്രശ്നങ്ങളൊന്നും ഒരു പ്രശ്നമേയല്ലെന്ന്. ഇതു ശരിക്കും പ്രശ്നംതന്നെയല്ലേ...? ദേ, അതിന്റെകൂടെ ജോമോന്റെ വക ഒരു ചോദ്യവും, എന്തിനാ എല്ലാ ദിവസവും ഉടുത്തൊരുങ്ങി പള്ളീലോട്ടു പോകുന്നേന്ന്! ഇനി പള്ളീലൊന്നും പോകുന്നില്ലെന്നും അറിയാവുന്ന കുരിശുംവരച്ച് ഇവിടിരുന്നുള്ള പ്രാർത്ഥനയൊക്കെ മതിയെന്നുംകൂടെയുള്ള അവന്റെ പ്രഖ്യാപനവുംകൂടെ കേട്ടപ്പോൾ മുതൽ ഇങ്ങേർക്ക് മിണ്ടാട്ടമില്ലാണ്ടായി.

ഞാൻ ജാഥ നടത്താനും മുദ്രാവാക്യം വിളിക്കാനും കോലം കത്തിക്കാനും കളികുർബാന ചൊല്ലാനും കട്ടിൽ സമരം നടത്താനും അതിക്രമിച്ചു കയറാനും നാട്ടിലെ ക്രമസമാധാനം നശിപ്പിക്കാനുമൊന്നും പോയിട്ടില്ലെന്നും, വീട്ടുകാർക്കും നാട്ടുകാർക്കുമൊന്നും ഒരു ശല്യവുമാകാതെ അത്യാവശ്യം നല്ലപോലെയൊക്കെ ജീവിക്കുന്നുണ്ടെന്നുമാ കഴിഞ്ഞ ദിവസമൊന്ന് ഉപദേശിച്ചു നോക്കിയപ്പോളവൻ പറഞ്ഞത്.... അല്ല... അവനെ കുറ്റം പറയാൻ പറ്റ്വോ കോരേ?"

പ്രശ്നം പറഞ്ഞുതീർത്ത ഒരോതച്ചേടത്തി ആശ്വാസം ലഭിക്കാനെന്നവണ്ണം ദീർഘശ്വാസമെടുത്ത് നെടുവീർപ്പിട്ടു. ഉള്ള വിശ്വാസംപോലും നഷ്ടപ്പെട്ടതുപോലെ വറീത് വീണ്ടും മിണ്ടാവ്രതം തുടർന്നു!

കോരയാണ് ഇനി കോർട്ടിലുള്ളത്.... വീട്ടിലും പള്ളിയിലുമൊക്കെവച്ച് വേദോപദേശം പഠിച്ചതിലൂടെയും ജീവിതാനുഭവത്തിലൂടെയുമൊക്കെ ലഭിച്ച അത്യാവശ്യം അറിവുവച്ച് കോര പറഞ്ഞുതുടങ്ങി:

"വറീതേ, എന്തേലുമൊരു പ്രശ്നമുണ്ടാകുമ്പോൾ മാഞ്ഞുപോകുന്ന മുദ്രയാണോ മാമോദീസാ സ്വീകരിച്ചപ്പോൾ നമുക്കു കിട്ടിയത്? തുമ്മിയാൽ തെറിക്കുന്ന മൂക്കുപോലെയാണോ നമ്മുടെയൊക്കെ വിശ്വാസം? ഇത്രേംകാലം തമ്പുരാൻ നമ്മളെയൊക്കെ കാത്തുപാലിച്ചതു മാത്രമോർത്താൽ മതിയല്ലോ വിശ്വാസം കൂടാൻ!"

"എനിക്കു ദൈവത്തിലൊരു വിശ്വാസക്കുറവുമില്ല. പക്ഷേ, പലതും കാണുമ്പോൾ വല്ലാത്തയൊരു വിഷമം.... എന്നെപ്പോലെയുള്ളവർക്കൊക്കെ തെറ്റുപറ്റുന്നതുപോലെയാണോ വർഷങ്ങളെടുത്ത് ഒത്തിരിക്കാര്യങ്ങളെല്ലാം പഠിച്ച് ഒത്തിരി അറിവുകളൊക്കെയുള്ളവർക്കു തെറ്റുന്നത്...?" വറീത് മുരടനക്കി പറഞ്ഞു.

"തെറ്റ് ആർക്കും പറ്റും. എല്ലാരും ഓരോ കുടുംബത്തിൽ പിറന്നു വളർന്ന മനുഷ്യരല്ലേ, സ്വർഗത്തീന്ന് ഇറങ്ങിവന്ന മാലാഖമാരൊന്നുമല്ലല്ലോ....? പിന്നെ, ഈശോകർത്താവ് രാത്രിമുഴുവൻ ഒരുപോള കണ്ണടയ്ക്കാതെ പ്രാർത്ഥിച്ചു തിരഞ്ഞെടുത്ത പന്ത്രണ്ടു പേരുടെ കാര്യമറിയാലോ.... ഒരാള് ഒറ്റി, വേറൊരാള് തള്ളി, ബാക്കിയെല്ലാരും ഒളിച്ചു. അതിലൊരാള് പിന്നെ പമ്മിവന്നൂന്നു മാത്രം! അവരുടെ ചെയ്തികളൊക്കെ ശരിയാരുന്നോ?"

"പരിശുദ്ധാത്മാവു വന്നു കഴിഞ്ഞപ്പോൾ അവരെല്ലാം ശരിയായില്ലേ കോരേ? ഇതിപ്പോ...."

"നീ സഭേടെ ചരിത്രമൊന്നു നോക്കിക്കേ.... എന്തുമാത്രം ശീശ്മകളും പാഷണ്ഡതകളും ഇത്രയും നൂറ്റാണ്ടുകൾക്കിടയിലുണ്ടായി! എന്നാലും സഭ ഇന്നുമുണ്ടല്ലോ. കാരണം, സഭ തമ്പുരാൻകർത്താവിന്റേതാ. വേറൊരാളെ ആശ്രയിച്ചല്ല നമ്മുടെ വിശ്വാസവും സഭാസ്നേഹവുമൊക്കെ നിലനില്ക്കേണ്ടത്. ഇതൊക്കെ മുൻകൂട്ടി കണ്ടോണ്ടായിരിക്കും, 'നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ ഈശോയെ മുന്നിൽ കണ്ടുകൊണ്ടുവേണം നമ്മൾ ഓടാനെ'ന്ന് ഹെബ്രായലേഖനം 12-ാം അദ്ധ്യായത്തിൽ പറയുന്നത്. അതുകൊണ്ട് ബാക്കിയുള്ളോര് എന്നാ ചെയ്യുന്നേന്ന് നോക്കാതെ, നമ്മുടെ ശ്രദ്ധ ഈശോതമ്പുരാനിൽനിന്നും മാറാതെ നമുക്കു ജീവിക്കാൻ ശ്രമിക്കാം വറീതേ.... അതുപോലെ, ഒത്തിരിയൊത്തിരി നന്മകൾ ചെയ്ത്, വിശുദ്ധരായി ജീവിച്ച്, നല്ല മാതൃക നല്കുന്ന എത്രയോ പേരുണ്ട്! അതുവച്ചു നോക്കുമ്പോൾ വളരെച്ചുരുക്കം പേർക്കുമാത്രമല്ലേ തെറ്റുപറ്റുന്നുള്ളൂ. മാത്രമല്ല, ഇങ്ങനെയൊരു പ്രശ്നമുണ്ടായതിന്റെ പേരിൽ ഏതാണു ശരിയെന്നു പഠിക്കാൻ കുറേപ്പേരു തുനിഞ്ഞില്ലേ? അതുകൊണ്ടാ പറയുന്നത് എല്ലാം നന്മയ്ക്കാണെന്ന്.... എല്ലാം ശരിയാകുമെന്നേ...."

കോരച്ചേട്ടന്റെ വാക്കുകൾ വിഷമത്താൽ വിണ്ടുണങ്ങിയ വറീതുചേട്ടന്റെ മനസ്സിൽ ആശ്വാസത്തിന്റെ മഴ കോരിച്ചൊരിയുകയും മുഖത്ത് പുഞ്ചിരി വിടർത്തുകയും ചെയ്തു!

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



സൗമ്യാ കാഞ്ഞിരക്കാട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:**

പിശാചുബാധിതനെ സുഖപ്പെടുത്തുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, മാതാവേ, ആത്മീയജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ ഈശോയോടു ചേർന്നു ജീവിക്കാൻവേണ്ട അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, മാതാവേ, രോഗാവസരങ്ങളിൽ ഈശോയിൽ വിശ്വാസമർപ്പിച്ചു ജീവിക്കാൻവേണ്ട അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

തളർവാതരോഗിയെ സുഖപ്പെടുത്തുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, മാതാവേ, ഇടതടവില്ലാതെയുണ്ടാകുന്ന പ്രതിസന്ധിഘട്ടങ്ങളിൽ തളരുമ്പോൾ ഈശോ കൂടെയുണ്ട് എന്ന ഉറച്ചബോധ്യത്തിൽ വളരാൻവേണ്ട അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** :


ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, മാതാവേ, ചെറിയ കാര്യത്തിൽ പുലർത്തുന്ന വിശ്വസ്തതപോലും ദൈവതിരുമുമ്പിൽ വലുതായി കരുതപ്പെടും എന്ന ബോധ്യത്തിൽ വളരാൻവേണ്ട അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

നായീനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്ന ഈശോയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ, മാതാവേ, പുനരുത്ഥാനത്തിലും നിത്യജീവനിലുമുള്ള ആഴമേറിയ വിശ്വാസത്തോടെ ജീവിതത്തെ ക്രമപ്പെടുത്താൻവേണ്ട അനുഗ്രഹത്തിനായി അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


"ഇസ്രായേലിന്റെ ദൈവമായ കർത്താവ് വാഴ്ത്തപ്പെട്ടവൻ. അവിടുന്ന് തന്റെ ജനത്തെ സന്ദർശിച്ചു രക്ഷിച്ചു; തൻെറ ദാസനായ ദാവീദിൻെറ ഭവനത്തിൽ നമുക്ക് ശക്തനായ ഒരു രക്ഷകനെ ഉയർത്തി; ആദിമുതൽ തന്റെ വിശുദ്ധന്മാരായ പ്രവാചകന്മാരുടെ അധരങ്ങളിലൂടെ അവിടുന്ന് അരുളിച്ചെയ്തതുപോലെ, ശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈയിൽനിന്നും നമ്മെ രക്ഷിക്കാനും നമ്മുടെ പിതാക്കന്മാരോടു വാഗ്ദാനംചെയ്ത കാരുണ്യം നിവർത്തിക്കാനും നമ്മുടെ പിതാവായ അബ്രാഹത്തോടു ചെയ്ത അവിടുത്തെ വിശുദ്ധമായ ഉടമ്പടി അനുസ്മരിക്കാനും ശത്രുക്കളുടെ കൈകളിൽനിന്നു വിമോചിതരായി, നിർഭയം പരിശുദ്ധിയിലും നീതിയിലും എപ്പോഴും അവിടുത്തെ മുമ്പിൽ ശുശ്രൂഷ ചെയ്യാൻ വേണ്ട അനുഗ്രഹം നമുക്കു നൽകാനുമായിട്ടാണ് ഇത്. നീയോ, കുഞ്ഞേ, അത്യുന്നതൻെറ പ്രവാചകൻ എന്നു വിളിക്കപ്പെടും. കർത്താവിനു വഴിയൊരുക്കാൻ അവിടുത്തെ മുമ്പേ നീ പോകും. അത് അവിടുത്തെ ജനത്തിന് പാപമോചനംവഴിയുള്ള രക്ഷയെക്കുറിച്ച് അറിവുകൊടുക്കാനും, നമ്മുടെ ദൈവത്തിൻെറ കാരുണ്യാതിരേകംകൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ ഇരുളിലും, മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിൻെറ മാർഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ്".
(ലൂക്കാ 1,68-79)




PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)

RNI: KERMAL/2014/59983

Published on 24th January 2025


"പ്രതിഫലമെന്യേ ലോകത്തിൽ
പ്രഭ ചൊരിയും ദിനകരനുസമം
മർത്ത്യനു നീയരുളീടുന്നു
കർത്താവേ, നിൻ നിക്ഷേപം.
താവകകാന്തി ധരിച്ചീടാൻ
നരനിഹ കഴിവില്ലതിനാൽ നീ
സ്നേഹത്താലാ ദീപ്തി സദാ
പരിമൃദുകോമളമാക്കുന്നു".

(ദനഹാക്കാലം)

(ഏഴാം ഞായർ - റംശാ)


Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com

Editor: Fr. Mathew Vellanickal